


kusumammasika@gmail.com
www.facebook.com/balakusumam


# ബാല കുസുമം


2026 ജനുവരി
വില 16 രൂപ


## കലണ്ടർ വിശേഷങ്ങൾ

## ഇസ്റാഅ്, മിഅ്റാജ് വിസ്മയയാത്രകൾ

ക്വിസ്: ആനുകാലികം, പൊതുവിജ്ഞാനം

## മൗലവി സയ്യിദ് അലാവുദ്ദീൻ

## ഷിറിയ ആലിക്കുഞ്ഞി മുസ്‌ലിയാർ

ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 12
2026 ജനുവരി

# പൊട്ടിത്തെറിച്ച് ഹെയ്‌ലി ഗുബ്ബി

**അ**ഗ്നിപർവ്വതങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? ഇടയ്ക്കിടെ പൊട്ടിത്തെറിക്കുന്ന സജീവ അഗ്നിപർവ്വതങ്ങളും അനേകായിരം വർഷങ്ങളായി ഉറങ്ങിക്കിടക്കുന്ന നിർജീവ അഗ്നിപർവതങ്ങളും ലോകത്തുണ്ട്. അഗ്നിപർവത ഭീഷണിയില്ലാത്ത രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യയിലുള്ള ഏക അഗ്നിപർവ്വതം അൻഡമാൻ നിക്കോബാർ ദീപ്സമൂഹങ്ങളിലാണുള്ളത്. എന്നാൽ, ഇപ്പോഴിതാ, കിഴക്കൻ ആഫ്രിക്കൻ രാജ്യമായ എത്യോപ്യയിലുണ്ടായ അഗ്നിപർവതസ്ഫോടനത്തിന്റെ പുകപടലങ്ങൾ ഇന്ത്യയിലേക്കും എത്തിയിരിക്കുന്നു! കഴിഞ്ഞ 12000 വർഷം നിദ്രയിലായിരുന്ന എത്യോപ്യയിലെ ഇഫാർ മേഖലയിലുള്ള ഹെയ്‌ലി ഗുബ്ബി അഗ്നിപർവ്വതമാണ് കഴിഞ്ഞ നവംബറിൽ പൊട്ടിത്തെറിച്ചത്. ഈ അഗ്നിപർവ്വത സ്ഫോടനത്തിൽ ഉയർന്ന ചാരപടലങ്ങൾ ചെങ്കടൽ കടന്ന് ഉത്തരേന്ത്യയിലുമെത്തി. നിരവധി രാജ്യങ്ങളിൽ വ്യോമഗതാഗതം തടസ്സപ്പെട്ടു.



# നല്ല മകൻ

സഞ്ചാരിയായ ഒരു വൃദ്ധൻ നടന്നുനടന്ന് ക്ഷീണിച്ച് ഒരു കിണറ്റിൻകരയിൽ വിശ്രമിക്കാനിരുന്നു. അപ്പോഴാണ് മൂന്നു സ്ത്രീകൾ വെള്ളമെടുക്കാൻ കുടവുമായി അവിടെയെത്തിയത്. അവർ വീട്ടുകഥകൾ പറഞ്ഞുകൊണ്ടിരുന്നു. അതിനിടെ ഒരു സ്ത്രീ പറഞ്ഞു: 'എടീ എന്റെ മോനുണ്ടല്ലോ, നല്ല അഭ്യാസിയാണ്. അവനു പതിനെട്ടടവും അറിയാം. ആരെയും അവൻ ഗുസ്തിയിൽ തോൽപ്പിക്കും.'

അപ്പോൾ മറ്റൊരു സ്ത്രീ പറഞ്ഞു: 'എന്റെ മോൻ നല്ലൊരു ഗായകനാണ്. എന്തു മധുരമാണെന്നോ അവന്റെ പാട്ടുകൾ! ഗ്രാമോത്സവത്തിൽ ഗാനാലാപനത്തിൽ ഒന്നാം സ്ഥാനം അവനാണ് കിട്ടിയത്.'

കൂടെയുള്ള രണ്ടുപേരുടെയും മക്കളെ ചൊല്ലിയുള്ള വീമ്പു പറച്ചിലും അഭിമാനം കൊള്ളലും കണ്ട് അല്പം നിരാശയോടെ മൂന്നാമത്തെ സ്ത്രീ പറഞ്ഞു: 'എന്റെ മകന് ഇത്തരം കഴിവുകളൊന്നുമില്ല. എന്നാലും അവൻ നല്ലവനാണ്. സ്നേഹവും ദയയുമുള്ളവൻ. ശരിയും തെറ്റുമൊക്കെ വേർതിരിച്ചറിഞ്ഞ് പ്രവർത്തിക്കാനറിയാം അവന്.'


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ–ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

ഇതെല്ലാം കേട്ടിരിക്കുകയായിരുന്ന വൃദ്ധൻ അവരെ പരിചയപ്പെട്ടു. നിങ്ങളുടെ മക്കളെ കാണാൻ എനിക്ക് ആഗ്രഹമുണ്ടെന്ന് പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ കൂടെ പോരൂ. അവരെ ഇപ്പോൾ തന്നെ കാണിച്ചു



തരാമല്ലോ.'

അതനുസരിച്ച് ആ സ്ത്രീകൾ വെള്ളവുമായി തിരിച്ചു പോകുമ്പോൾ വൃദ്ധനും കൂടെ നടന്നു. കുറെ നടന്നപ്പോൾ അവരുടെ വീടുകൾ കാണാറായി. അമ്മമാർ വരുന്നതു കണ്ട് കുട്ടികൾ വീട്ടിൽ നിന്നോടി വന്നു. ഒന്നാമത്തെ സ്ത്രീയുടെ മകൻ പല അഭ്യാസങ്ങളും കാണിച്ചുകൊണ്ടാണു വന്നത്. അവന്റെ അമ്മ അഭിമാനത്തോടെ അത് നോക്കി നിന്നു. രണ്ടാമത്തെ സ്ത്രീയുടെ മകൻ പാട്ടു പാടിക്കൊണ്ടാണ് വന്നത്. അവന്റെ അമ്മ പറഞ്ഞത് ശരിയാണ്; അവനു മനോഹരമായി പാടാനറിയാം. അല്പം അഹ

ന്തയോടെ അമ്മ അവനെ നോക്കി നിന്നു. മൂന്നാമത്തെ സ്ത്രീയുടെ മകൻ ഓടിവന്ന് അമ്മയുടെ കൈയിൽ നിന്നു വെള്ളം നിറച്ച കുടം വാങ്ങി വീട്ടിലേക്കു നടന്നു.

'കണ്ടില്ലേ, ഞങ്ങളുടെ മക്കളുടെ മിടുക്ക്?' ഒന്നാമത്തെയും രണ്ടാമത്തെയും സ്ത്രീകൾ അഭിമാനത്തോടെ വൃദ്ധനോട് ചോദിച്ചു. അപ്പോൾ വൃദ്ധൻ പറഞ്ഞു: 'അവർ മിടുക്കന്മാർ തന്നെ. പക്ഷേ, ഞാനിപ്പോൾ ഇവിടെ യഥാർത്ഥത്തിൽ ഒരു പുത്രനെ മാത്രമേ കണ്ടിട്ടുള്ളൂ.'

'അതേതു പുത്രനാണ്?'

'വെള്ളപ്പാത്രം ചുമന്നു വരുന്ന അമ്മയെ സഹായിക്കാൻ ഓടി വന്ന മകൻ. അവനാണ് പുത്രന്റെ ധർമ്മമറിയുന്ന മോൻ.'

'ഉയർന്ന പദവികളും സമർത്ഥ്യവുമല്ല മഹത്വം; ഓരോരുത്തരിലുമുള്ള നന്മയും അതനുസരിച്ച് പ്രവർത്തിക്കാനുള്ള സന്മനസ്സുമാണ്.'


# മിന്നാമിന്നി

**പൊ**ട്ടായ് പൊന്നിൻ തരികളനേകം
ഇരുളിൽ തെന്നിപ്പാറുന്നു,
എങ്ങും വെട്ടം വിതറുന്നവയെ
കാണാൻ ആഹാ എന്തുരസം!
മുന്നിൽ വന്നവ നൃത്തം ചെയ്ത്
മുട്ടിയുരുമ്മി മിനുങ്ങുന്നു.
കൂട്ടായ് വന്നൊരു മിന്നാമിന്നിയെ
പൂട്ടി ഞാനെൻ കൈക്കൂട്ടിൽ.



ആനപ്പുഴയ്ക്കൽ അനിൽ


സഫർ
ഹേയ്! ഇവിടെ വണ്ടി പാർക്ക് ചെയ്യാൻ പറ്റില്ല.
എന്താ പാർക്ക് ചെയ്താൽ? ഇതു റോഡല്ലേ?
അതുകൊണ്ടുതന്നെയാ പറഞ്ഞത്. ധാരാളം വണ്ടികൾ വരുന്ന റോഡാണ്; ബ്ലോക്കാവും.
എന്നാൽ പാർക്ക് ചെയ്യാൻ വേറെ സ്ഥലം കാണിച്ചു താ.
അത് ഞാനല്ലല്ലോ കാണിച്ചു തരേണ്ടത്; നിങ്ങൾ സ്ഥലം കണ്ടെത്തണം.
ഹേയ്! വണ്ടിയെടുത്തു മാറ്റെടോ.
നടുറോട്ടിൽ നിന്നാണോ തർക്കം?
ആകെ ബ്ലോക്കായല്ലോ.


അസ്സലാമു അ ലൈക്കും.
വ അലൈ ക്കുമുസ്സലാം.
ങ്ങേ, നജീ ബോ? എന്താ ഇവിടെ പ്രശ് നം?
ഞാനിവിടെ വ ണ്ടിയൊന്ന് നിർ ത്തിയതാ. അ പ്പോഴേക്കും ഓ രോരുത്തര്...!
ഈ ഇടുങ്ങിയ റോഡിൽ പാർക്ക് ചെയ്യാൻ പറ്റില്ലെ ന്നു പറഞ്ഞതിനാ.
അത്രേയുള്ളോ? എന്താ നജീബേ ഇത്? നീ ചെയ്ത ത് തെറ്റല്ലേ?
എനിക്കിവിടെ ഒരു ക ടയിൽ പോകണം. പി ന്നെ ഞാൻ എവിടെ യാ വണ്ടി നിർത്ത്വാ?
ആർക്കും ബുദ്ധിമുട്ടുണ്ടാ വാത്ത സ്ഥലം നോക്കി പാർക്ക് ചെയ്യണം.


അതിനൊക്കെ കുറെ സമയം പിടിക്കില്ലേ? പിന്നെ അവിടെ നിന്ന് ഇവിടെ വരെ നടക്കുകയും വേണം.
അതൊക്കെ വേണ്ടി വരും. നീയിപ്പോൾ ചെയ്തത് എല്ലാ നിലക്കും വലിയ തെറ്റാ.
എന്നു പറഞ്ഞാൽ?
ട്രാഫിക് നിയമം ലംഘിച്ചെന്ന തെറ്റ്. പിന്നെ, തിരുനബി(സ)യുടെ കൽപ്പന ലംഘിച്ചെന്ന വലിയ തെറ്റും.
തിരുനബി(സ) പറഞ്ഞിട്ടുണ്ടോ ഇവിടെ വണ്ടി നിർത്തരുതെന്ന്?
അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും നമുക്ക് മനസ്സിലാക്കാവുന്ന വിധത്തിൽ കാര്യം പറഞ്ഞിട്ടുണ്ട്.
എന്താ പറഞ്ഞത്?
'നിങ്ങൾ വഴികളിലും അങ്ങാടികളിലും മൃഗങ്ങളെ നിർത്തിയിടരുത്. അത് ജനങ്ങൾക്ക് പ്രയാസമുണ്ടാക്കും.' അക്കാലത്ത് മൃഗങ്ങളായിരുന്നല്ലോ അവരുടെ വാഹനങ്ങൾ.
ങേ? ഞാനത്ര ആലോചിച്ചില്ലാട്ടോ. വണ്ടി ഇപ്പോ മാറ്റിക്കൊടുക്കാം.



ഷാക്കിർ തോട്ടിക്കൽ

# കലണ്ടർ വിശേഷങ്ങൾ

**പു**തുവർഷമെത്തുമ്പോൾ ചുമരിലെ പഴയകലണ്ടറുകളെല്ലാം മാറും. ആയുസ്സിന്റെ അടയാളങ്ങളാണ് കലണ്ടറുകൾ. വീട്ടിലും സ്കൂളിലും ഓഫീസിലുമെല്ലാം വ്യത്യസ്ത വർണങ്ങളിലും രൂപങ്ങളിലുമുള്ള കലണ്ടറുകൾ കാലങ്ങളെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ചില കലണ്ടർ വിശേഷങ്ങളാണ് ഈ ലക്കത്തിൽ...

## ഹിജ്റ വർഷം

ലോകത്ത് കൂടുതൽ പ്രചാരമുള്ള കലണ്ടറാണ് ഹിജ്റ വർഷ കലണ്ടർ. മുഹമ്മദ്നബി(സ) യുടെ മക്കയിൽ നിന്ന് മദീനയിലേക്കുള്ള ഹിജ്റയെ അടിസ്ഥാനമാക്കിയാണ് ഈ കലണ്ടറിന്റെ തുടക്കം. ചന്ദ്രന്റെ ഭ്രമണത്തെ അടിസ്ഥാനമാക്കിയായതിനാൽ ഹിജ്റവർഷ കലണ്ടറിലെ ഓരോ മാസത്തിലും ഇരുപത്തൊമ്പതോ മുപ്പതോ ദിനങ്ങളാണുണ്ടാവുക. ഒരു ഹിജ്റവർഷത്തിൽ 12 മാസങ്ങളാണുണ്ടാവുക.

## ഗ്രിഗോറിയൻ കലണ്ടർ

യേശുക്രിസ്തുവിന്റെ ജന്മം അടിസ്ഥാനമാക്കിയുള്ള കലണ്ടറാണ് ഗ്രിഗോറിയൻ കലണ്ടർ. ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ഉപയോഗിക്കുന്ന കലണ്ടറാണിത്.

## ഹീബ്രു കലണ്ടർ

മതപരമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ജൂതന്മാർ അവലംബമാക്കിയിരുന്ന കലണ്ടറാണിത്. വേദഗ്രന്ഥങ്ങ

ളിൽ മാറ്റം വരുത്തിയതു പോലെ അവർ ഇഷ്ടാനുസൃതം കലണ്ടറിലും മാറ്റം വരുത്തിയിരുന്നുവത്രെ!

## ജൂലിയൻ കലണ്ടർ

ജൂലിയറ്റ് സീസർ രൂപം നൽകിയ കലണ്ടറാണ് ജൂലിയൻ കലണ്ടർ. ആകാശഗോളങ്ങളെയും നക്ഷത്രങ്ങളെയും അടിസ്ഥാനമാക്കിയുള്ള കലണ്ടറാണിത്.

## ചൈനീസ് കലണ്ടർ

വിശേഷദിനങ്ങൾ കുറിക്കാനുപയോഗിച്ചിരുന്ന കലണ്ടറാണ് ചൈനീസ് കലണ്ടർ. ചാന്ദ്ര-സൗരമാസങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കലണ്ടർ രൂപപ്പെടുത്തിയത്. കാള, കടുവ, പന്നി, മുയൽ, പാമ്പ് തുടങ്ങിയ ജീവികളുടെ ചൈനീസ് നാമങ്ങളിലായിരുന്നു ഈ കലണ്ടറിലെ മാസങ്ങൾ അറിയപ്പെട്ടിരുന്നത്.

## ഇന്ത്യൻ കലണ്ടർ

ശകവർഷത്തെ അടിസ്ഥാനപ്പെടുത്തി രൂപംനൽകിയ കലണ്ടറാണ് ഇന്ത്യൻ കലണ്ടർ. ശകരാജാവായ





ശാലിവാഹനൻ ഉജ്ജയിനിലെ രാജാവായ വിക്രമാദിത്യനെ പരാജയപ്പെടുത്തിയ നാൾ മുതലാണ് ശകവർഷം ആരംഭിക്കുന്നത്. ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രം, അശ്വിനം, കാർത്തികം, അഗ്രഹായനം, പൗഷം, മാഘം, ഫാൽഗുനം എന്നിങ്ങനെ 12 മാസങ്ങളാണ് ശകവർഷത്തിലുള്ളത്. നമ്മുടെ കൊല്ലവർഷകലണ്ടറിൽ ഇത് രേഖപ്പെടുത്തിയതായി കാണാം.

## കൊല്ലവർഷ കലണ്ടർ

കേരളത്തിൽ ഇന്ന് നിലവിലുള്ള മലയാള മാസകലണ്ടറാണ് കൊല്ലവർഷ കലണ്ടർ. ഈ കലണ്ടറിന്റെ പിറവി സംബന്ധിച്ച്






ചേരമാൻ പെരുമാളിന്റെ ഇസ്‌ലാമാശ്ലേഷം, ഓണസ്മരണ, കോലത്തിരിമാർക്ക് പെരുമാൾ സ്വാതന്ത്ര്യം നൽകിയ ദിനം എന്നിങ്ങനെ നിരവധി അഭിപ്രായങ്ങളാണുള്ളത്. ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കിടകം എന്നിവയാണു മലയാളമാസങ്ങൾ.

## തമിഴ് കലണ്ടർ

ഇന്ത്യയിലെയും ശ്രീലങ്കയിലെയും തമിഴ്‌വംശജർ ഉപയോഗിക്കുന്ന കലണ്ടറാണിത്. ചിത്തിര, വൈകാശി, ആനി, ആടി, ആവണി, പുരട്ടാശി, ഐപ്പശി, കാർത്തികെ, മാർഗഴി, തായ്, മാശി എന്നിവയാണ് തമിഴ് കലണ്ടറിലെ 12 മാസങ്ങൾ.

## ബ്രഹ്മവർഷം

ബ്രഹ്മാവുമായി ബന്ധപ്പെട്ടുണ്ടായ കാലഗണനാരീതിയാണ്. ബ്രഹ്മാവിന്റെ ഓരോ നൂറ്റാണ്ടു കഴിയുമ്പോഴും പ്രളയമുണ്ടാകും എന്നാണ് സങ്കല്പം. മനുഷ്യരുടെ ഒരു വർഷം ദേവലോകത്ത് ഒരു ദിവസമാണത്രെ. നമ്മുടെ 30 വർഷമാണ് അവർക്ക് ഒരു മാസം.

## സപ്തർഷി വർഷം

ലൗകികവർഷം എന്നു വിളിപ്പേരുള്ള സപ്തർഷി വർഷം ഭാരതീയമായ ഒരു കാലഗണനാ സമ്പ്രദായമാണ്. ഉത്തരധ്രുവത്തിനടുത്തുള്ള ഏഴു നക്ഷത്രങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ കാലഗണന. സപ്തർഷി വർഷത്തിന്റെ ഓരോ ആവൃത്തിയും നൂറുവർഷം കൊണ്ട് പൂർത്തിയാകുന്നു. എ.ഡി 825 ലാണ് സപ്തർഷിവർഷത്തിന്റെ ഒന്നാമത്തെ ആവൃത്തി ആരംഭിച്ചത്.

# ഇംഗ്ലീഷ് മാസങ്ങൾ: പേരിലെ രഹസ്യം

- **ജനുവരി:** 'ജാനസ് ലാനു യാരിയസ്' എന്ന റോമൻദേവന്റെ പേരിലാണ് ജനുവരി അറിയപ്പെടുന്നത്.
- **ഫെബ്രുവരി** : 'ശുദ്ധീകരിക്കുക' എന്നർത്ഥമുള്ള 'ഫെബ്രു' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് ഫെബ്രുവരി ഉണ്ടായത്.
- **മാർച്ച്** : മാർസ് എന്ന റോമൻ യുദ്ധദേവന്റെ പേരാണ് മാർച്ച് മാസത്തിന്റെ പേരിനാധാരം.
- **ഏപ്രിൽ** : 'തുറക്കുക' എന്നർത്ഥമുള്ള 'എപ്പിറിറെസ്' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഏപ്രിൽ ഉണ്ടായത്.
- **മെയ്** : 'മായിയ്' എന്ന ഗ്രീക്ക് ദേവതയുടെ പേരിൽ നിന്നാണ് ഈ പേരിന്റെ പിറവി.
- **ജൂൺ** : പുരാതന റോമൻദേവതയായ 'ജൂനോ' ആണ് ജൂൺമാസത്തിന്റെ പേരിനടിസ്ഥാനം.
- **ജൂലൈ** : ജൂലിയസ് സീസർ ജനിച്ച മാസം ജൂലൈ എന്നറിയപ്പെടുന്നു.
- **ഓഗസ്റ്റ്** : 'ആറാമത്തേത്' എന്നർത്ഥമുള്ള 'സെക്റ്റിലിസ്' എന്ന പദത്തിൽ നിന്നാണ് ഓഗസ്റ്റിന്റെ പിറവി.
- **സെപ്തംബർ** : 'ഏഴാമത്തെത്' എന്നർത്ഥം വരുന്ന 'സെപ്റ്റം' എന്ന പദത്തിൽ നിന്നാണ് സെപ്റ്റംബർ ഉണ്ടായത്.
- **ഒക്ടോബർ** : 'എട്ടാമത്തേത്' എന്നർത്ഥം വരുന്ന 'ഒക്ടോ' എന്ന പദത്തിൽ നിന്നാണ് ഒക്ടോബർ വന്നത്.




- **നവംബർ** : 'ഒൻപതാമത്തേത്' എന്നർത്ഥമുള്ള 'നോവം' എന്ന പദത്തിൽ നിന്നാണ് നവംബറുണ്ടായത്.
- **ഡിസംബർ** : റോമൻകലണ്ടറിലെ പത്താം മാസമായിരുന്നു ലാറ്റിൻ ഭാഷയിലെ ഡിസംബർ. പത്ത് എന്നാണ് ഈ വാക്കിനർത്ഥം.

# തീറ്റക്കാര്യം പറഞ്ഞാലോ?

'**മാ**ത്സ് ടീച്ചർ ലീവിലാണ്. ഇന്ന് ടീച്ചർക്കിവിടെ രണ്ടു പിരീഡുണ്ടാവല്ലോ. ആരായിരിക്കും പകരം വരാ?' നാസി ആകാംക്ഷയോടെ സ്റ്റാഫ്റൂമിനു നേരെ നോക്കി പറഞ്ഞു.

അപ്പോൾ നാജി പറഞ്ഞു: 'ആരു വന്നാലും വേണ്ടില്ല; ആ ഹിന്ദി ടീച്ചർ വരാതിരുന്നാൽ മതിയായിരുന്നു.'

'ങാ, ഹോംവർക്കുണ്ടല്ലോ. നീയത് ചെയ്തിട്ടുണ്ടാവില്ലല്ലേ?' നാസി അവനെ നോക്കി ചിരിച്ചു.

'ഒന്ന് പോണേ, ഞാൻ ഹോംവർക്കൊക്കെ ചെയ്തിട്ടുണ്ട്. നാജി മുഖം വീർപ്പിച്ചു തിരിഞ്ഞിരുന്നു.'

'മുജ്തബാ, അൻവർസാറിന് ഒഴിവുണ്ടോന്ന് ചെന്നു നോക്ക്. നീയല്ലേ ലീഡർ?'

അൻവർസാർ വന്നാൽ ആർക്കും വിരോധമില്ല. കളിയും ചിരിയും തമാശയും ഒപ്പം പഠനവുമെല്ലാം ഉണ്ടാകും. കുഞ്ഞുമോനും ഇഷ്ടം അൻവർസാർ വരുന്നതാണ്. കൂട്ടുകാരെല്ലാം ഒന്നിച്ചു പറഞ്ഞപ്പോൾ അവൻ എഴുന്നേറ്റ് സ്റ്റാഫ്റൂമിലേക്ക് നടന്നു. അവനെ കണ്ട പാടെ സാർ പറഞ്ഞു: 'ഇപ്പോ ഒഴിവാല്ലേ? എല്ലാവരോടും അടങ്ങിയിരിക്കാൻ പറ. ഞാനിപ്പോ വരാം.' കുഞ്ഞുമോൻ സന്തോഷത്തോടെ ക്ലാസ്സിലേക്കോടി പ്രഖ്യാപിച്ചു: 'എല്ലാവരും അടങ്ങിയിരിക്കൂ. അൻവർ സാർ ഇപ്പോ വരും.' ക്ലാസ് നിശ്ശബ്ദമായി.

'നല്ല മക്കള്. എല്ലാവരും അടങ്ങിയിരിക്കുന്നുണ്ടല്ലോ' എന്നു പറഞ്ഞാണ് സാറ് കയറിവന്നത്. വന്നപാടെ ഒരു ചോദ്യം: 'ഇന്ന് നമുക്ക് തീറ്റക്കാര്യം ചർച്ച ചെയ്താലോ?'

'തീറ്റക്കാര്യമോ?' കുട്ടികൾ മുഖത്തോടു മുഖം നോക്കി.

'ഒരു തീറ്റ കിട്ടാൻ വല്ല

വകയുമുണ്ടോ സാറേ?' പതിവു പോലെ റിയാസ് മനസ്സിലുള്ളത് പൊട്ടിച്ചു. കുട്ടികൾ ചിരി തുടങ്ങിയപ്പോൾ സാർ പറഞ്ഞു: 'നോക്കാമെടോ. വല്ല വകയുമുണ്ടാവും.'

തുടർന്ന് സാറ് ചോദിച്ചു: 'ഇന്നു രാവിലെ നിങ്ങളൊക്കെ എന്താണ് കഴിച്ചത്?'

'പത്തിരി, ദോശ, വെള്ളപ്പം, ചിക്കൻ, ബീഫ്, കടലക്കറി, മീൻകറി, പൊറോട്ട, ചപ്പാത്തി...' കുട്ടികൾ വിളിച്ചുപറയാൻ തുടങ്ങി. സാറ് മേശമേലടിച്ചു നിശ്ശബ്ദരാവാൻ പറഞ്ഞുകൊണ്ട് തുടർന്നു: 'ശരി ശരി... എല്ലാവരും നല്ല ആഹാരം തന്നെ കഴിച്ചിട്ടുണ്ടല്ലോ. പിന്നെ നല്ല മധുരമുള്ള ചായയും കുടിച്ചില്ലേ?'

'സാർ, ഞാൻ ഡബിൾ മധുരമുള്ള കാപ്പിയാ കുടിച്ചത്.'



ശമീർ വിളിച്ചു പറഞ്ഞു.

'ഡബിൾ മധുരമുള്ള കാപ്പിയോ?'

'അതേ സാറേ. എനിക്കിച്ചിരി മധുരം കൂടുതൽ വേണം.'

'ഓക്കേ. എന്നാൽ ശമീറിനോടു മാത്രമല്ല; എല്ലാവരോടുമാണ് പറയുന്നത്, മധുരമിത്തിരി കുറയ്ക്കുന്നതാണ് നല്ലത്. മധുരമുണ്ടാക്കുന്ന പഞ്ചസാരയുണ്ടല്ലോ, ആരോഗ്യത്തിനത്ര നല്ലതല്ല. പഞ്ചസാരക്കു പറയുന്ന മറ്റൊരു പേരുണ്ട്. അതെന്താണെന്നറിയാമോ?'

'വൈറ്റ് പോയ്സൺ - വെളുത്ത വിഷം.' കുഞ്ഞുമോൻ ചാടിയെണീറ്റ് പറഞ്ഞു.

'ഗുഡ്! വെളുത്ത വിഷമാണ് മക്കളേ പഞ്ചസാര. അത് അധികം ഉപയോഗിക്കുന്നത് അപകടമാണ്.'

'എന്തപകടമാണു സർ പഞ്ചസാര കഴിച്ചാലുണ്ടാവുക?'

'പ്രമേഹം എന്ന രോഗത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? ഷുഗർ എന്നാണ് ആ രോഗത്തിനു പറയാറ്. രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടുമ്പോഴാണീ രോഗമുണ്ടാവുക. നിങ്ങൾക്കറിയാമോ, ഇന്ന് ലോകത്തിൽ 20നും 79നും ഇടയിലുള്ള 50



പേരിൽ ഒരാൾക്ക് പ്രമേഹ രോഗമുണ്ട്.'

'പഞ്ചസാര കൂടുതൽ കഴിച്ചിട്ടാണോ ഈ രോഗം വരുന്നത്?'

'പഞ്ചസാര മാത്രമല്ല; നാം കഴിക്കുന്ന പല ആഹാരങ്ങളും ഇതിനു കാരണമാകുന്നുണ്ട്. മൈദ കൊണ്ടുണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ, മധുരപലഹാരങ്ങൾ, അമിതമായ മാംസാഹാരം, പലതരം എണ്ണകളുടെ ഉപയോഗം തുടങ്ങിയവയൊക്കെ പൊണ്ണത്തടിക്കും പ്രമേഹത്തിനും കാരണമാണത്രെ. നമ്മുടെ കേരളത്തിൽ അമിതവണ്ണമുള്ള കുട്ടികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഇവരിൽ അധികപേരും പ്രമേഹരോഗികളായിത്തീർന്നിട്ടുമുണ്ടത്രെ.'

'അപ്പോൾ നമ്മളൊക്കെ പ്രമേഹരോഗികളായിപ്പോകുമോ സാറേ?'

നസീമയുടെ പേടിയോടെയുള്ള ചോദ്യം കേട്ട് സാർ തുടർന്നു: 'പേടിക്കാനൊന്നുമില്ല. തീറ്റക്കാര്യത്തിൽ ഇത്തിരി ശ്രദ്ധ പുലർത്തിയാൽ മതി. പിന്നെ, നല്ല വ്യായാമവും വേണം. മധുരപാനീയങ്ങളും മധുരപലഹാരങ്ങളും പരമാവധി കുറയ്ക്കണം. ഐസ്ക്രീമും പായസവും മിഠായിയുമൊക്കെ എത്രത്തോളം ഒഴിവാക്കാൻ കഴിയുമോ, അത്രയും ഒഴിവാക്കണം. ഷവർമ, ബർഗർ, സാൻവിച്ച് തുടങ്ങിയവ വല്ലപ്പോഴും മാത്രമേ കഴിക്കാവൂ. എല്ലാ നേരവും പച്ചക്കറികൾ ആഹാരത്തിൽ ഉൾപ്പെടുത്തണം. വെള്ളരിയും കുമ്പളവും കൈപ്പയും ചീരയും ക്യാരറ്റും ബീറ്റ്റൂട്ടും ചക്കയും മാങ്ങയും ചേനയും ചേമ്പും കടലയും പയറും മുതിരയും മുന്തിരിയും നാരങ്ങയും ആപ്പിളും പേരക്കയും വാഴക്കയും വാഴപ്പഴവുമെല്ലാം കിട്ടും പോലെ കഴിക്കണം. ഒന്നും ഒഴിവാക്കരുത്. പിന്നെ, തീറ്റയുടെ അളവിത്തിരി കുറയ്ക്കുന്നതാണ് നല്ലത് കേട്ടോ.

ദിവസവും 45 മിനുട്ടെങ്കിലും വ്യായാമം ചെയ്യണം. ഓടുകയും ചാടുകയും നടക്കുകയും നീന്തുകയും കളിക്കുകയും ചിരിക്കുകയും വേണം. ടിവിയുടെ മുന്നിൽ ചടഞ്ഞിരിക്കരുത്. മൊബൈൽ നിങ്ങൾ കുട്ടികൾ ഉപയോഗിക്കാതിരിക്കണം. വീട്ടിലുണ്ടാക്കുന്ന ആഹാരങ്ങൾ തന്നെ കഴിക്കണം. ദിവസവും രാത്രിയിൽ ഏഴു മണിക്കൂറെങ്കിലും ഉറങ്ങണം. ഇങ്ങനെയൊക്കെയായാൽ രോഗങ്ങളൊന്നും വരാനിടയില്ല. എന്നും ആരോഗ്യത്തോടെയിരിക്കാം.'

# സൗഭാഗ്യവതി

ടി കെ സുഹൈർ ഒതളൂർ

മഹാനായ സഹാബി വര്യനായിരുന്നു ത്വൽഹ തുബ്നു ഉബൈദില്ല(റ). നല്ലൊരു വ്യാപാരി കൂടിയായിരുന്നു അദ്ദേഹം. ഒരു ദിവസം ഹളർമൗതിൽ നിന്ന് അദ്ദേഹത്തിന് വലിയ സംഖ്യ ലഭിച്ചു. ഏകദേശം ഏഴ് ലക്ഷത്തോളം ദിർഹം...! ഇതു കണ്ട് സന്തോഷിക്കുന്നതിന്നു പകരം ത്വൽഹ(റ) അസ്വസ്ഥനായി. മഹാന്റെ മുഖത്തെ ദുഃഖം കണ്ട പത്നി ഉമ്മു കുൽസൂം ബിൻത് അബൂബകർ(റ) ചോദിച്ചു: 'അങ്ങേക്ക് എന്തു പറ്റി? എന്റെ പക്കൽ നിന്നെന്തെങ്കിലും പ്രയാസമുണ്ടായോ?'

ത്വൽഹ(റ) മറുപടി നൽകി: 'ഏയ്! ഒരിക്കലുമില്ല. നീ എന്റെ സൗഭാഗ്യമാണ്. നമുക്ക് ലഭിച്ച ആ വലിയ സമ്പത്ത് നീ കണ്ടില്ലേ? ഇത്രയധികം സമ്പത്തുണ്ടായിരിക്കെ സ്വസ്ഥമായി കിടന്നുറങ്ങുന്ന അടിമയെക്കുറിച്ച് റബ്ബ് എന്ത് വിചാരിക്കും?' ഉമ്മു കുൽസൂം(റ) പ്രതിവചിച്ചു: 'അങ്ങെന്തിന് വിഷമിക്കണം? സാധുക്കളായ പല കൂട്ടുകാരും ബന്ധുക്കളും നിങ്ങൾക്കുണ്ടല്ലോ. നേരം പുലർന്നാൽ ആ സമ്പത്ത് അവർക്ക് നൽകാം.'

പ്രിയതമയുടെ വാക്കുകൾ കേട്ട ത്വൽഹ(റ) സന്തോഷത്തോടെ പറഞ്ഞു: 'അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ! നീ സൗഭാഗ്യവാനായ പിതാവിന്റെ സൗഭാഗ്യവതിയായ മകൾ തന്നെ!'

പ്രഭാതമായി. ആ ഏഴ് ലക്ഷം ദിർഹം മുഴുവൻ അദ്ദേഹം അൻസാറുകൾക്കും മുഹാജിറുകൾക്കും വിതരണം ചെയ്തു.

ശാസ്ത്രശാല

# ബലൂൺ ഷോക്ക്

ഒരു ലളിതമായ 'വൈദ്യുത' പരീക്ഷണമാണ് ഈ ലക്കത്തിൽ.

**ആവശ്യമായത്:** ബലൂൺ, തുണി

## ചെയ്യേണ്ട വിധം:

ബലൂൺ ഊതിവീർപ്പിച്ച് കെട്ടുക. ശേഷം ബലൂൺ ഒരു തുണി ഉപയോഗിച്ച് ഏകദേശം 40 സെക്കന്റ് നേരം ഉരസുക. ഉരസുമ്പോൾ ബലൂണിന്റെ എല്ലാ ഭാഗവും ഉൾപ്പെടുത്താൻ ശ്രമിക്കുക. ഇത് ബലൂണിന് നല്ല ചാർജ് നൽകും. ഉരസിയ ഉടൻ ബലൂൺ കൂട്ടുകാരന്റെ തലയുടെ തൊട്ടുമുകളിൽ പിടിച്ചു നോക്കൂ. അവരുടെ മുടി ഉയർന്ന് ബലൂണിൽ പറ്റിപ്പിടിക്കുന്നതു കാണാം.



## സംഭവിക്കുന്നത്:

തുണികൊണ്ട് ഉരസുമ്പോൾ ബലൂൺ നെഗറ്റീവ് ചാർജ് ഉണ്ടാകുന്നു. അപ്പോൾ തുണിയിൽ നിന്ന് ഇലക്ട്രോണുകൾ ബലൂണിലേക്ക് നീങ്ങുന്നു. ബലൂൺ തലമുടിയുടെ അടുത്തേക്ക് കൊണ്ടുവരുമ്പോൾ വിപരീത ചാർജുകൾക്കിടയിൽ ഒരു ആകർഷണ ബലം സൃഷ്ടിക്കപ്പെടുന്നു. തലമുടിയിൽ പോസിറ്റീവ് ചാർജ് അടങ്ങിയിരിക്കുന്നതിനാൽ, അത് എഴുന്നേറ്റു നിൽക്കുകയും ബലൂണിൽ പറ്റിപ്പിടിക്കുകയും ചെയ്യുന്നു. സാധാരണ നാം കാണുന്ന വസ്തുക്കളിലുള്ള വൈദ്യുതസ്വാധീനം പഠിക്കാനുള്ള മാർഗമാണ് ഈ പ്രായോഗിക ശാസ്ത്രപരീക്ഷണം.

റശീദ് ജലാൽ വില്ലൂർ

# വാലാട്ടി പക്ഷിയുടെ പാട്ട്

**മി**ട്ടുമുയലും കൂട്ടുകാരൻ കിട്ടുകുരങ്ങനും മയിലാടുംകുന്നിലൂടെ നടക്കാനിറങ്ങി.

'നല്ല വിശപ്പുണ്ട്. കഴിക്കാൻ വല്ലതും കിട്ടുമോ?' നടക്കുന്നതിനിടയിൽ മിട്ടു ചോദിച്ചു.

'നമുക്ക് അല്പദൂരം കൂടി നടന്നു നോക്കാം.' കിട്ടു അഭിപ്രായപ്പെട്ടു.

'കാട്ടിലിപ്പോൾ കിഴങ്ങുകളൊന്നുമില്ല. ഫലം കായ്ക്കുന്ന മരങ്ങളും കുറവ്. ഇങ്ങനെ പോയാൽ നാം പട്ടിണി കിടന്നുമരിക്കും.' നടത്തത്തിനിടയിൽ മിട്ടു സങ്കടത്തോടെ പറഞ്ഞു.

ചെറുതോടു കടന്ന് പാറച്ചോല വഴി നടക്കുമ്പോഴാണ് അവർ ഒരു ശബ്ദം കേട്ടത്. മനോഹരമായ സ്വരത്തിൽ ഒരു കിളി പാട്ടു പാടുന്നു.

'ആഹാ, കേൾക്കാനെന്തൊരു ചന്തം.
പാടുവതാരാണ്?
നീട്ടിപ്പാടി രസിക്കുന്നുണ്ടൊരു
വാലാട്ടിപ്പക്ഷി.
നീലച്ഛായാകാശം നോക്കി
പാടുവതാരാണ്?
അത്തിമരത്തിൻ കൊമ്പിലിരിക്കും
സുന്ദരി ഞാനാണ്!'

മഞ്ഞയുടുപ്പിട്ട ഒരു വാലാട്ടിപ്പക്ഷി അത്തിമരത്തിന്റെ ചില്ലയിലിരുന്ന് പാട്ടു പാടുകയാണ്. 'എന്തൊരു ഭംഗിയുള്ള പക്ഷി, എത്ര മധുരമുള്ള സ്വരം!' സുന്ദരിപ്പക്ഷിയെ നോക്കി മിട്ടു പറഞ്ഞു.

'അതേ! കേൾക്കാൻ നല്ല രസം.' കിട്ടുവും ശരി വെച്ചു.

‘കിളിയേ കിളിയേ കുഞ്ഞിക്കിളിയേ
നിന്നെക്കാണാനെന്തു രസം.
സുന്ദരമാമീ പാട്ടുകൾ പാടാൻ
ആരു കനിഞ്ഞീ മധുരസ്വരം.’

അപ്പോൾ മിട്ടുവിനെയും കിട്ടുവിനെയും നോക്കി വാലാട്ടിപ്പക്ഷി കണ്ണുരുട്ടിക്കൊണ്ടു പറഞ്ഞു: ‘ഹും! എന്റെ ഉടുപ്പിന്റെ ചന്തവും പാട്ടിന്റെ മധുരവും ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയതാ... അതിലെന്താ നിങ്ങൾക്കു കാര്യം?’

വാലാട്ടിക്കിളിയുടെ ഈ വാക്കുകൾ രണ്ടുപേർക്കും ഇഷ്ടമായില്ല. അവളുടെ ഒരഹങ്കാരം!

ഒന്നും മിണ്ടാതെ കിട്ടുവും മിട്ടുവും നടത്തം തുടർന്നപ്പോഴാണ് ഒരു മൂർഖൻപാമ്പ് അത്തിമരത്തിൽ ചുറ്റി വരിഞ്ഞ് കയറുന്നത് മിട്ടു



കണ്ടത്.

'ദേ... കിട്ടൂ, ഒരു പാമ്പ് വാലാട്ടിപ്പക്ഷിയെ പിടിക്കാൻ അത്തിമരത്തിൽ കയറുന്നു. എന്തു ചെയ്യും?'

'വേഗം നമുക്കവളോട് വിവരം പറയാം.'

'വേണ്ട മിട്ടൂ. അവൾ കേൾക്കില്ല!'

'എന്നാലും നമുക്കൊന്നു പറഞ്ഞുനോക്കാമല്ലോ.'


'ദേ, വാലാട്ടിപ്പക്ഷീ... പാമ്പു വരുന്നേ... മാറിക്കോ...'

മിട്ടുവിന്റെ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയ വാലാട്ടിപ്പക്ഷി പാമ്പിനെ കണ്ട് പറന്നു മാറി. ഒരുവിധം രക്ഷപ്പെട്ട വാലാട്ടിപ്പക്ഷി മിട്ടുവിനോടും കിട്ടുവിനോടും നന്ദി പറഞ്ഞു. അപ്പോൾ മിട്ടു പാടി:

'ഹുങ്ക് നടിച്ചു നടക്കരുതേ,
സൽമൊഴി തള്ളിക്കളയരുതേ,
ദൈവം നൽകിയ കഴിവുകളെല്ലാം
നന്മയ്ക്കാണ് മറക്കരുതേ.'

പിന്നെ മൂന്നുപേരും ഒരുമിച്ച് കാട്ടിലൂടെ യാത്ര തുടർന്നു.

## പൂമ്പാറ്റ



**പാ**റി നടക്കും പൂമ്പാറ്റേ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
പൂവുകൾ തോറും വിരുന്നുചെന്ന്
പൂന്തേനുണ്ണും പൂമ്പാറ്റേ
എന്തൊരു ചന്തം നിൻ ചിറക്
ആഹാ കാണാനെന്തഴക്
എന്നും വരണം പൂന്തോപ്പിൽ
എന്നുടെ കൂടെ കളിച്ചീടാൻ

**ശറഫുന്നീസ എം**

Current Affairs

## സൂര്യകാന്ത് ചീഫ് ജസ്റ്റിസ്

ഇന്ത്യയുടെ 53-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് ചുമതലയേറ്റു. രാഷ്ട്രപതി ദ്രൗപതി മുർമുവാണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. ബി.ആർ. ഗവായി സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നാണ് സൂര്യകാന്ത് ചീഫ് ജസ്റ്റിസായത്. 2027 ഫെബ്രുവരി ഒമ്പതു വരെ പദവിയിൽ തുടരും. ഹരിയാനയിൽനിന്ന് ചീഫ് ജസ്റ്റിസാവുന്ന ആദ്യ വ്യക്തിയാണ് സൂര്യകാന്ത്.

## അമ്മയായി മുഖി

ഇന്ത്യയിൽ ജനിച്ച ആദ്യത്തെ പെൺചീറ്റയായ മുഖി അമ്മയായി. അഞ്ചു കുഞ്ഞുങ്ങൾക്കാണ് മുഖി ജന്മം നൽകിയത്. രാജ്യത്തെ ആവാസവ്യവസ്ഥകളിൽ ആഫ്രിക്കൻ ചീറ്റകളുടെ ആരോഗ്യം, അതിജീവനം എന്നിവയിൽ നിർണായകമായ പുരോഗതി കൈവരിച്ചതിന്റെ സൂചനയാണിതെന്നാണ് അനുമാനം. മുഖിക്ക് നിലവിൽ മുപ്പത്തിമൂന്നുമാസം പ്രായമുണ്ട്.

## എഴുത്തച്ഛൻ പുരസ്കാരം

കേരള സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരത്തിനു കവി കെ.ജി ശങ്കരപ്പിള്ളയെ തിരഞ്ഞെടുത്തു. അഞ്ചു ലക്ഷം രൂപയാണ് സമ്മാനത്തുക.

## സൊലോയിക്ക് ബുക്കർ

ഈ വർഷത്തെ ബുക്കർ സമ്മാനത്തിന് ഹംഗേറിയൻ-ബ്രിട്ടീഷ് എഴുത്തുകാരൻ ഡേവിസ് സൊലോയിയുടെ 'ഫ്ളെഷ്' എന്ന നോവലിനെ തിരഞ്ഞെടുത്തു. ഈ അംഗീകാരം നേടുന്ന ആദ്യ ഹംഗേറിയൻ-ബ്രിട്ടിഷ് എഴുത്തുകാരനാണ് സൊലോയി.

## വീണ്ടും നിതീഷ്

ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ നവംബർ 19ന് ചുമതലയേറ്റു. ജനതാദൾ (യു) നേതാവായ നിതീഷ് പത്താം തവണയാണ് മുഖ്യമന്ത്രി പദത്തിലെത്തുന്നത്.

## പുതിയ ലേബർകോഡ്

രാജ്യത്തെ തൊഴിൽനിയമങ്ങളിൽ മാറ്റങ്ങൾ വരുത്തി പുതിയ തൊഴിൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നു. നിലവിലുള്ള 29 തൊഴിൽ നിയമങ്ങൾക്കു പകരമായാണു വേതനം, വ്യവസായ ബന്ധം, സാമൂഹിക സുരക്ഷ, തൊഴിലിട സുരക്ഷ എന്നിവ സംബന്ധിച്ച നാലു ലേബർ കോഡുകൾ കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്നത്.

## ഫാസ്റ്റ് മൂവ് കേരള

വ്യവസായ സൗഹൃദ നടപടികളുമായി ബന്ധപ്പെട്ട കേന്ദ്രപട്ടികയിൽ കേരളം 'ഫാസ്റ്റ് മൂവേഴ്സ്' പട്ടികയിൽ ഇടം നേടി. ഒഡീഷ, പഞ്ചാബ്, ആന്ധ്രപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, അസം, ഉത്തരാഖണ്ഡ്, ജമ്മുകശ്മീർ, കർണാടക സംസ്ഥാനങ്ങളാണ് കേരളത്തിനൊപ്പം ഈ വിഭാഗത്തിലുള്ളത്.

# തർക്കത്തിന്റെ ഫലം


സിംഹവും കരടിയും ചേർന്ന് ഒരു മാനിനെ പിടികൂടി.
ഹായ്! മാനിറച്ചി തിന്ന കാലം മറന്നു.
ഞാൻ ആദ്യമായാണ് മാനിറച്ചി കഴിക്കുന്നത്.


ഹും! ആദ്യമായി കഴിക്കുന്നവർ കുറച്ചു കഴിച്ചാൽ മതി.
അതു പറ്റില്ല!
ഒന്നും പറയേണ്ട; എനിക്കു കൂടുതൽ വേണം.
ഇരുവരും തമ്മിൽ തർക്കം മൂത്ത് അടിപിടിയായി.
നിന്നെ ഞാൻ ഇപ്പോൾ ശരിയാക്കും.
കാണിച്ചു തരാം.
ഒരു കോളിനു വകയുണ്ട്.


ഹയ്യോ, വയ്യേ!
അടിപിടി കൂടി അനങ്ങാൻ വയ്യാതായി.
രണ്ടുപേരും അടിപിടി കൂടി ക്ഷീണിച്ചു പോയിട്ടുണ്ട്. ഇതു തന്നെ തക്കം.
ങേ! ഹയ്യോ, അതെടുക്കല്ലേ...
കള്ളക്കുറുക്കാ... നിൽക്കവിടെ.
ഹായ്! നല്ല ഉഗ്രൻ മാനിറച്ചി.
ഹിഹി! ക്ഷീണം മാറിയാൽ അടിപിടി തുടർന്നോളൂ.
മാനിനെ ഞാൻ കൊണ്ടുപോകുന്നു.
കഷ്ടം! അടിപിടിയുടെ ഫലം അനുഭവിക്കുക തന്നെ!



# സമ്മാന മിഠായി

**സാ**ലിമോൻ മിടുക്കനാണ്. ഉപ്പ മരിച്ചുപോയതിനാൽ അവനും ഉമ്മയും ചെറിയൊരു വീട്ടിൽ തനിച്ചാണ് താമസിച്ചിരുന്നത്. ഉമ്മ അവനെ നല്ല ചിട്ടയിലാണ് വളർത്തിയത്. സ്കൂളില്ലാത്ത ദിവസങ്ങളിലെല്ലാം അവൻ വീടിനടുത്തുള്ള നിസ്കാരപ്പള്ളിയിൽ ജമാഅത്തിന് പോകാറുണ്ട്. ഒരു ദിവസം സ്കൂൾ വിട്ടുവരുമ്പോൾ കൂട്ടുകാരൻ ഹാമിദ് സാലിമോനോട് അബുക്കാന്റെ കടയിലെ അഞ്ചു രൂപയുടെ പുതിയ മിഠായിയെക്കുറിച്ച് പറഞ്ഞു. സാലിമോൻ ഒന്നും മിണ്ടിയില്ല. അവന് മിഠായി തിന്നാൻ നല്ല പൂതിയുണ്ടായിരുന്നു. എന്നാൽ അഞ്ചുരുപ ഉമ്മയോട് ചോദിക്കാൻ അവനു വിഷമം തോന്നി.

രാത്രി ഉമ്മ അവനോട് ചോദിച്ചു: 'മോനെന്തു പറ്റി? മുഖത്തെന്തോ ഒരു വിഷമമുണ്ടല്ലോ?' അപ്പോൾ അവൻ ഉമ്മയോട് മിഠായിയെക്കുറിച്ചു പറഞ്ഞു. അതുകേട്ട് ഉമ്മ പറഞ്ഞു: 'സാരമില്ല, മോൻ നാളെ മിഠായി വാങ്ങിക്കോളൂ. ഉമ്മ അഞ്ചു രൂപ തരാം.'

പിറ്റേന്ന് ഉമ്മ കൊടുത്ത അഞ്ചു രൂപ കീശയിലിട്ട് അവൻ സന്തോഷത്തോടെ പള്ളിയിലേക്കോടി. പള്ളിയുടെ തൊട്ടടുത്താണ് അബുക്കാന്റെ കട. നിസ്കാരം കഴിഞ്ഞുവരുമ്പോൾ വാങ്ങാം എന്നു വിചാരിച്ചു. നിസ്കരിച്ചിറങ്ങുമ്പോഴാണ് വാതിലിനരികിൽ ഒരു വൃദ്ധനെ കണ്ടത്. അപ്പോൾ അവൻ ഉസ്താദ് പഠിപ്പിച്ചതോർത്തു: 'ആരെങ്കിലും വല്ലതും ചോദിച്ചാൽ നാമവരെ ഒന്നും കൊടുക്കാതെ മടക്കി അയയ്ക്കരുത്.' സാലിമോൻ ചിന്തിച്ചു: 'ഈ അഞ്ചുരൂപ അയാൾക്കു കൊടുക്കാം.' അവൻ അധികം ആലോചിക്കാതെ ആ അഞ്ചുരൂപ അയാൾക്ക് കൊടുത്തു. 'അല്ലാഹുവേ, ഞാൻ കൊടുത്ത സ്വദഖ നീ സ്വീകരിക്കേണമേ' എന്നവൻ മനസ്സിൽ പ്രാർത്ഥിച്ചു.

പള്ളിയിൽ നിന്നു പുറത്തിറങ്ങി അബുക്കാന്റെ കടയ്ക്കുമുമ്പിലെത്തിയപ്പോഴാണ് നാട്ടിലെ കാരണവരായ ആലിഹാജിയെ കണ്ടത്. ഹാജി പറഞ്ഞു: 'സാലിമോൻ നല്ല കുട്ടിയാണ്. എല്ലാ ദിവസവും പള്ളിയിൽ വരാറുണ്ട്. ഇന്ന് സാലിമോന് ഒരു സമ്മാനമുണ്ട്.' ആലിഹാജി അബുക്കാന്റെ കടയിൽ നിന്ന് രണ്ട് മിഠായികൾ സാലിമോനു നൽകി. അവൻ ഹാജിക്കു നന്ദി പറഞ്ഞ് മിഠായിയുമായി വീട്ടിലേക്കോടി. ഉമ്മയോട് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അവനെ കെട്ടിപ്പിടിച്ചുകൊണ്ട് ഉമ്മ പറഞ്ഞു: 'നന്മ ചെയ്തതിനുള്ള പ്രതിഫലമാണ് നിനക്കു ലഭിച്ചിരിക്കുന്നത്.'

*ത്വയ്ബ ഫാതിമ കെ, ക്ലാസ്സ് 5 സിഎംവിഎസ് മദ്റസ, കല്ലേരി*


# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

എനിക്ക് നിന്നെ ഏറെ ഇഷ്ടമാണ്. നിന്റെ കഥകളും കവിതകളും ചിത്രങ്ങളുമെല്ലാം മനോഹരമാണ്. എല്ലാ മാസവും ഞാൻ നിന്നെ കാത്തിരിക്കാറുണ്ട്. കൂട്ടുകാർ വരച്ച മനോഹരമായ ചിത്രങ്ങളാണെനിക്ക് കൂടുതൽ ഇഷ്ടം. എന്തു രസമാണെന്നോ അവ കാണാൻ! എനിക്ക് ചിത്രം വരയ്ക്കാനിഷ്ടമാണ്. ഒരിക്കൽ ഞാനും ചിത്രം വരച്ച് നിനക്ക് അയക്കുന്നുണ്ട് കേട്ടോ.

സ്നേഹപൂർവ്വം,

***ഫർസം ഇ, ക്ലാസ് 5,***
***മർകസ് റൈഹാൻവാലി,***
***കാരന്തൂർ***



പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിനക്കൊരു കത്തെഴുതണമെന്ന് ഏറെനാളായി ആഗ്രഹിക്കുന്നു. നിന്നെ കൈയിൽ കിട്ടിയാൽ പിന്നെ വായിച്ചു തീർത്താലേ എനിക്കൊരു സമാധാനമുള്ളൂ. മിസ്റ്റർ മണ്ടപ്പന്റെയും ഹോജയുടെയും കഥകൾ വായിച്ച് ചിരിക്കുമ്പോഴാവും അബൂട്ടിയുടെ നോവൽ വായിക്കുക. അത് വായിക്കുമ്പോൾ പലപ്പോഴും കണ്ണുകൾ നിറയും. ഉമ്മയുടെ ആഗ്രഹം പോലെ അവൻ വളർന്ന് ഉന്നതസ്ഥാനങ്ങളിൽ എത്തട്ടെ എന്നാണെന്റെ പ്രാർത്ഥന. പുതിയ ലക്കത്തിനുള്ള കാത്തിരിപ്പിലാണ് ഞാൻ.

സ്നേഹത്തോടെ,

***മുഹമ്മദ് റയ്യാൻ കെ,***
***മർകസുൽഉലൂം മദ്റസ,***
***തനിയംപുറം, കിഴിശ്ശേരി***

പ്രിയപ്പെട്ട ബാലകുസുമത്തിന്,

എനിക്ക് നിന്നെ ഏറെ ഇഷ്ടമാണ്. നിന്റെ കഥകളെല്ലാം ഞാൻ വായിക്കാറുണ്ട്. അബൂട്ടിയുടെ കഥയാണ് എനിക്ക് ഏറെ ഇഷ്ടം. വായിക്കുമ്പോൾ കണ്ണു നിറയും. സഫറിന്റെ ഉപദേശങ്ങൾ ജീവിതത്തിൽ പകർത്താൻ ഞാൻ പരമാവധി ശ്രമിക്കാറുണ്ട്. നിന്റെ കഥകളും കവിതകളും ചിത്രങ്ങളുമെല്ലാം ഒന്നിനൊന്നു മെച്ചം. ക്വിസും കറന്റ് അഫേഴ്സും ഏറെ ഉപകാരപ്രദം. പുതിയ ലക്കത്തിനായി കാത്തിരിക്കുന്നു.


സ്നേഹത്തോടെ,

***അഫ്ല ആമിന പി,***
***ഹയാത്തുൽ ഇസ്‌ലാം കേന്ദ്ര***
***സുന്നി മദ്റസ, എളാട്ടത്തറ***

റൈഹാൻ

സമസ്ത ചരിത്രം - 25

# ഷിറിയ ആലിക്കുഞ്ഞി മുസ്‌ലിയാർ



**കാ**സർഗോഡ് ജില്ലയിലെ പൊസോട്ട്പള്ളിദർസിൽ പഠിക്കുന്ന കാലം. മുഹമ്മദ് മുസ്‌ലിയാരാണ് ഉസ്താദ്. ഉസ്താദും കുട്ടികളും സുന്നത്ത് നോമ്പെടുത്തിട്ടുണ്ട്. അസർ നിസ്കാരത്തിനു ശേഷം ഉസ്താദ് അല്പം മുതിർന്ന ഒരു വിദ്യാർത്ഥിയെ വിളിച്ചുപറഞ്ഞു: 'മോനേ എന്റെ കുട്ടിക്കു തീരെ സുഖമില്ല. നീ ഉച്ചിലത്ത് പോയി വൈദ്യരെ കണ്ട് മരുന്നു വാങ്ങിക്കൊണ്ടു വരണം.'

അപ്പോൾ ആ വിദ്യാർത്ഥി പറഞ്ഞു: 'ഉസ്താദേ, നോമ്പു നോറ്റിയിട്ട് തളർന്നിരിക്കുകയാണ് ഞാൻ. ഇപ്പോൾ അത്രയും ദൂരം പോയി വരാൻ വയ്യ.'

ശിഷ്യൻ വയ്യെന്നു പറഞ്ഞപ്പോൾ ഉസ്താദിന്റെ മുഖം വാടി. 'ഇനിയെന്തു ചെയ്യും?' എന്ന വിഷമത്തിലായി. അപ്പോൾ അല്പമകലെ ആ സംഭാഷണം കേട്ട് ചെറിയൊരു വിദ്യാർത്ഥി ഉസ്താദിനെ സമീപിച്ചു പറഞ്ഞു: 'ഉസ്താദേ, ഞാൻ വാങ്ങിക്കൊണ്ടു വരാം മരുന്ന്.'

'നിനക്കതിനു കഴിയ്യോ? ഇത്തിരി ദൂരം പോകണ്ടേ?' ഉസ്താദ് ചോദിച്ചു.

'അതു പ്രശ്നമില്ല. ഞാൻ ഉടനെ പോയി വരാം.' ആ കുട്ടി പുറപ്പെടാൻ സന്നദ്ധനായി. ആ വിഷമഘട്ടത്തിൽ ഉസ്താദ് അനുവാദം നൽകി. ആ കുട്ടിയും നോമ്പ് പിടി



ച്ചിട്ടുണ്ട്. ദാഹവും വിശപ്പും തളർച്ചയുമുണ്ട്. അതൊന്നും വകവെക്കാതെ സൈക്കിളിൽ കയറി പുറപ്പെട്ടു. തളർന്നു വീഴുമെന്നായപ്പോൾ ഒരു ചായക്കടയിൽ കയറി നോമ്പു മുറിച്ച് ഭക്ഷണം കഴിച്ചു. സുന്നത്ത് നോമ്പാണ്. അത് പൂർത്തിയാക്കുന്നതിനേക്കാൾ മഹത്വം ഉസ്താദിന്റെ വിഷമം തീർക്കുന്നതിലാണെന്ന് ആ കുട്ടി തിരിച്ചറിഞ്ഞു.

ആരായിരുന്നു ഈ വിദ്യാർത്ഥിയെന്നറിയാമോ? പിൽക്കാലത്ത് പ്രസിദ്ധ പണ്ഡിതനായത്തീർന്ന താജുശ്ശരീഅഃ എന്ന പേരിൽ അറിയപ്പെട്ട ഷിറിയ ആലിക്കുഞ്ഞി മുസ്‌ലിയാർ. കാസർഗോഡ് താലൂക്കിൽ ഷിറിയക്കടുത്ത് ഒളയം എന്ന ദേശത്താണ് 1935ൽ ആലിക്കുഞ്ഞി മുസ്‌ലിയാർ ജനിച്ചത്. ഒളയത്തെ അബ്ദുറഹ്മാൻ – മറിയം ദമ്പതികളുടെ മകനാണ്. ഓത്തുപള്ളിയിലാണ് പഠിച്ചു തുടങ്ങിയത്. പിന്നെ ഒളയം മുഹ്‌യിദ്ദീൻ മുസ്‌ലിയാരുടെ ദർസിൽ ചേർന്നു. തുടർന്ന് എടക്കാട് കുഞ്ഞഹമ്മദ് മുസ്‌ലിയാർ, കാടേരി അബ്ദുൽകലാം മുസ്‌ലിയാർ തുടങ്ങിയ പ്രഗത്ഭ പണ്ഡിതരുടെ ശിഷ്യനായി. 1953ൽ തളിപ്പറമ്പ് ഖുവ്വത്തുൽ ഇസ്‌ലാം അറബിക് കോളേജിൽ ചേർന്നു. അവിടെ ഇ കെ അബൂബക്കർ മുസ്‌ലിയാരായിരുന്നു പ്രധാന ഗുരു. ഇ കെ ഹസൻ മുസ്‌ലിയാരും സിഎം വലിയുല്ലാഹിയും ആലിക്കുഞ്ഞി മുസ്‌ലിയാർക്ക് ക്ലാസെടുത്തിട്ടുണ്ട്.

പിന്നെ നാട്ടിൽ തന്നെ ഖത്വീബായി സേവനം തുടങ്ങിയെങ്കിലും വിജ്ഞാനദാഹം അവിടെ അടങ്ങിക്കഴിയാൻ ഉസ്താദിനെ അനുവദിച്ചില്ല. പ്രഗത്ഭ പണ്ഡിതരുടെ ദർസ് തേടി പുറപ്പെട്ടു. 1962ൽ ദയൂബന്ദിൽ പോയി ബിരുദമെടുത്തു. തുടർന്ന് പലയിടങ്ങളിലും മുദരിസായി. പ്രഗത്ഭരായ അനേകം ശിഷ്യരെ പരിശീലിപ്പിച്ചെടുത്തു. മുപ്പതാം

വയസ്സിൽ ആലിക്കുഞ്ഞി ഉസ്താദ് സമസ്ത കേന്ദ്രമുശാവറ അംഗമായി. അദ്ദേഹത്തിന്റെ മഹാപണ്ഡിത്യത്തിനുള്ള അംഗീകാരമായിരുന്നു അത്. എത്രയോ വലിയ പണ്ഡിതനായിരുന്നെങ്കിലും അങ്ങേയറ്റം വിനയാന്വിതനായിരുന്നു ഉസ്താദ്. കുട്ടികളെ പോലും ബഹുമാനിക്കുന്ന പ്രകൃതം. ആരോടും ദേഷ്യപ്പെടുകയോ പക കാണിക്കുകയോ അസൂയപ്പെടുകയോ ചെയ്തിരുന്നില്ല. സൽസ്വഭാവം ആലിക്കുഞ്ഞി മുസ്‌ലിയാരിൽ നിന്നു കണ്ടുപഠിക്കണമെന്നു മറ്റു പണ്ഡിതന്മാർ പറയാറുണ്ടായിരുന്നത്രെ.

ദീനിന്റെ പടവാൾ, തണൽ പരത്തിയ നന്മ മരം, സൂര്യതേജസ് എന്നൊക്കെയാണ് മഹാനായ ഖലീൽ തങ്ങൾ ആലിക്കുഞ്ഞി മുസലിയാരെ വിശേഷിപ്പിച്ചത്. എന്റെ കൈമുതൽ ഉസ്താദുമാരുടെയും മഹാന്മാരുടെയും പൊരുത്തവും ഗുരുത്വവും പ്രാർത്ഥനയുമാണെന്ന് ആലിക്കുഞ്ഞി ഉസ്താദ് ഇടയ്ക്കിടെ വിനയപൂർവ്വം പറയാറുണ്ടായിരുന്നത്രെ. തിരുനബി(സ)യെ പലവട്ടം സ്വപ്നത്തിൽ കണ്ടിട്ടുണ്ട് ആ മഹാൻ. തിരുനബി(സ) സ്വപ്നത്തിലൂടെ അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. സമസ്തയുടെ ഉപാധ്യക്ഷനായിരിക്കെ 2021 ഏപ്രിൽ മൂന്നിന് ആ മഹാമനീഷി ഈ ലോകത്തോട് വിട പറഞ്ഞു.

## മൗനം ഭൂഷണം



**പ**റയാൻ ഒരുപാടുണ്ടെന്നാലും
നന്മകൾ മാത്രം പറയേണം.
നല്ലതു ചൊല്ലാനില്ലെന്നാകിൽ
മൗനം ഭൂഷണമറിയേണം!

**പി.വി.എസ് പടിക്കൽ**



**അബ്ദുൽഹകീം പാലത്തുങ്കര**

# സുൽത്താൻ കഥാപാത്രങ്ങൾ

മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരനാണ് ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ട വൈക്കം മുഹമ്മദ് ബഷീർ. 1908 ജനുവരി 21 നായിരുന്നു ബഷീറിന്റെ ജനനം. ബഷീറിന്റെ കഥകളും കഥാപാത്രങ്ങളും വായനക്കാരുടെ മനസ്സുകളിൽ എക്കാലവും ജീവിക്കുന്നു. ബഷീറിന്റെ ചില പ്രധാന കഥാപാത്രങ്ങളെ പരിചയപ്പെടാം.

## ബഷീർ

ആത്മകഥാംശമുള്ള ബഷീറിന്റെ പല കഥകളിലും എഴുത്തുകാരൻ തന്നെയാണ് മുഖ്യകഥാപാത്രം.

## പാത്തുമ്മ

പാത്തുമ്മയുടെ ആട് എന്ന നോവലിലൂടെ ബഷീർ പരിചയപ്പെടുത്തിയ കുടുംബസ്നേഹിയാണ് പാത്തുമ്മ. ബഷീറിന്റെ മൂത്ത സഹോദരി. കുടുംബാംഗങ്ങളെല്ലാം

നിറഞ്ഞു നിൽക്കുന്ന നോവലിലെ ശ്രദ്ധേയ കഥാപാത്രം.

### ഒറ്റക്കണ്ണൻ പോക്കർ

മുച്ചീട്ടുകളിക്കാരന്റെ മകൾ എന്ന കൃതിയിലെ നായികയുടെ പിതാവാണ് ഒറ്റക്കണ്ണൻ പോക്കർ. മുച്ചീട്ടുകളിയിൽ അടിയറവു പറഞ്ഞ പോക്കർ ഒടുവിൽ പോംവഴിയില്ലാതെ മകളെ മണ്ടൻമുത്തപ്പക്ക് കെട്ടിച്ചു കൊടുത്തു.

### സാറാമ്മ

പ്രേമലേഖനം എന്ന കഥയിലെ കഥാപാത്രമാണ് സാറാമ്മ. കേശവൻനായരുടെ പ്രേമഭാജനമായ സാറാമ്മ ശമ്പളത്തിന് പ്രേമിക്കുക എന്ന ദൗത്യം ഏറ്റെടുക്കുന്നു. ഭാവിയെക്കുറിച്ചുള്ള അവരുടെ ചർച്ചകൾ ഏറെ രസകരമായാണ് കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്.


### ആനവാരി രാമൻനായർ

ആനവാരിയും പൊൻകുരിശും എന്ന രചനയിലെ കഥാപാത്രം. പാതിരാത്രി ചാണകം മോഷ്ടിക്കാൻ വന്ന രാമൻനായർ ഇരുട്ടിൽ ചാണകമാണെന്നു കരുതി വാരാൻ ശ്രമിച്ചത് പാറുക്കുട്ടി എന്ന ആനയെയായിരുന്നത്രെ! അങ്ങനെ രാമൻനായർ ആനവാരി രാമൻനായരായി.



### എട്ടുകാലി മമ്മൂഞ്ഞ്

നാട്ടിലെന്തു നടന്നാലും 'അതിന്റെയാള് ഞമ്മളാണ്' എന്നവകാശപ്പെടുന്ന എട്ടുകാലി മമ്മൂഞ്ഞ് 'സ്ഥലത്തെ പ്രധാന ദിവ്യൻ' എന്ന കൃതിയിലെ കഥാപാത്രമാണ്. ഈ സ്വഭാവസവിശേഷതയുള്ളവരെ പിൽക്കാലത്ത്



എട്ടുകാലി മമ്മൂഞ്ഞ് എന്നു വിശേഷിപ്പിക്കുന്ന തരത്തിൽ പ്രചാരമായി.

## സൈനബ

മുച്ചീട്ടുകളിക്കാരന്റെ മകൾ എന്ന കൃതിയിലെ നായികയാണ് സൈനബ. ഒറ്റക്കണ്ണൻ പോക്കറുടെ ഓമനമകളാണ് സുന്ദരിയും സമർത്ഥയുമായ സൈനബ. സൈനബയുടെ ബുദ്ധിയാണത്രെ മണ്ടൻ മുത്തപ്പയെ മുച്ചീട്ടുകളിയിൽ ജയിപ്പിച്ചത്.

## മജീദ്

ബാല്യകാലസഖി എന്ന നോവലിലെ നായകൻ. 'ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി ബല്യ ഒന്ന്' എന്ന തത്വം ജീവിതാനുഭവങ്ങളിൽ നിന്ന് കണ്ടെത്തിയത് മജീദാണ്.

## പൊൻകുരിശ് തോമ

'ആനവാരിയും പൊൻകുരിശും' എന്ന കൃതിയിലെ കഥാപാത്രമാണ് പൊൻകുരിശ് തോമ. 'മിശിഹാ തമ്പുരാനെ ക്രൂശിച്ചത് മരക്കുരിശിലല്ലേ? പള്ളിക്കെന്തിനാ പൊൻകുരിശ്?' എന്ന ന്യായം പറഞ്ഞ് പൊൻകുരിശ് മോഷ്ടിച്ചയാളാണ് തോമ. അങ്ങനെയാണ് പൊൻകുരിശ് തോമ എന്ന് പേരു വീണത്.

## മണ്ടൻ മുത്തപ്പ

മുച്ചീട്ടുകളിക്കാരന്റെ മകൾ എന്ന കൃതിയിലെ പ്രധാന കഥാപാത്രമാണ് മണ്ടൻ മുത്തപ്പ. പോക്കറ്റടി ഒരു മോശം കലയല്ലെന്നും എന്നാൽ സ്ത്രീകൾ പോക്കറ്റടിക്കുന്നതിൽ തെറ്റുണ്ടെന്നുമാണ് മുത്തപ്പയുടെ വിശ്വാസം. മുച്ചീട്ടുകളിയിൽ വിജയിക്കാൻ തന്നെ സഹായിച്ച സൈനബയെ ഒടുവിൽ മുത്തപ്പ സ്വന്തമാക്കി.

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# ഗുണ്ടപ്പനാനയും കൂട്ടുകാരും

ഗുണ്ടപ്പനാനയ്ക്കൊരു സങ്കടം, ഈ കാട്ടിൽ എനിക്കുമാത്രം കൂട്ടുകാരില്ല.

വലിയ ശരീരം കണ്ട്, മുഴക്കമുള്ള ശബ്ദം കേട്ട് മറ്റുമൃഗങ്ങളെല്ലാം തന്റെ മുന്നിൽ നിന്ന് ഓടിയൊളിക്കുന്നതായി അവനുതോന്നി.

പതിവുപോലെ തീറ്റ തേടിയിറങ്ങിയ ഗുണ്ടപ്പനാന ഒരു വലിയമരത്തിൽ നിറയെ മാങ്ങകൾ പഴുത്തുനിൽക്കുന്നതു കണ്ടു.

മാൻകുട്ടികൾ മാമ്പഴങ്ങൾ കണ്ട് മരത്തിനു മുകളിലേക്ക് നോക്കി കൊതിയോടെ പറഞ്ഞു:

'മൂത്തുപഴുത്തുള്ള മാമ്പഴങ്ങൾ
താഴേക്കു വീഴുന്നതെപ്പോഴാവോ?
നല്ലൊരു കാറ്റിങ്ങു വീശിയെങ്കിൽ
നമ്മൾക്കതെല്ലാം കിട്ടിയേനേ.'

'ആരും വിഷമിക്കേണ്ട. ഞാൻ പറിച്ചു തരാമല്ലോ' എന്നു പറഞ്ഞ് ഗുണ്ടപ്പൻ തുമ്പിക്കൈ കൊണ്ട് മരച്ചില്ല കുലുക്കി ധാരാളം മാമ്പഴങ്ങൾ വീഴ്ത്തിക്കൊടുത്തു.

'നിങ്ങൾക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നോട് പറയാൻ മടിക്കണ്ട' എന്നും അവൻ പറഞ്ഞു.

മറ്റെല്ലാവരും പേടിയോടെ മാത്രം കണ്ടിരുന്ന ഗുണ്ടപ്പനാനയുടെ സ്നേഹം കണ്ടപ്പോൾ അവർക്ക് സന്തോഷമായി. അവർ പറഞ്ഞു:

'ഇനിമുതൽ ചേട്ടനും ഞങ്ങളോടൊപ്പം കൂടിക്കോളൂ!'

അപ്പോഴാണവർ മുത്തശ്ശിപ്ലാവിലെ തേൻവരിക്ക കണ്ടത്. കുട്ടിക്കുരങ്ങൻ പറഞ്ഞു:

'ഈ ചക്കപ്പഴത്തിന് നല്ല രുചിയാണ്. ഞാൻ പറിച്ചുതരാം. പക്ഷേ, ഇത് പൊളിക്കാൻ എനിക്കു കഴിയില്ല.'

'അതിനെന്താ, ഞാൻ ശരിയാക്കിത്തരാം' എന്നുപറഞ്ഞ് കുട്ടിക്കുരങ്ങൻ പറിച്ചിട്ട ചക്കപ്പഴത്തിൽ ഗുണ്ടപ്പൻ ചെറിയൊരു ചവിട്ടു



കൊടുത്തു. ചക്ക പിളർന്ന പ്പോൾ കുരങ്ങച്ചന് സന്തോഷ മായി. അവൻ ഗുണ്ടപ്പനാനക്ക് ധാരാളം ചക്കപ്പഴങ്ങൾ നൽകി. ബാക്കിയുള്ളവ എല്ലാ വർക്കും വിതരണം ചെയ്തു.

ചെറിയൊരു സഹായം ചെയ്തുകൊടുത്തപ്പോഴേക്കും അവർക്കെന്നോട് എന്തൊരു സ്നേഹമാണ്! ഗുണ്ടപ്പനാന ചിന്തിച്ചു. അവൻ പിന്നെ കാട്ടിലുള്ള ജീവികൾക്കെല്ലാം കഴിയുന്നത്ര സഹായങ്ങൾ ചെയ്തുകൊടുത്തു.

അങ്ങനെ ആരും സുഹൃത്തുക്കളില്ലെന്നു സങ്കടപ്പെട്ടിരുന്ന ഗുണ്ടപ്പ നാനയ്ക്കാണിപ്പോൾ കാട്ടിൽ ഏറ്റവുമധികം സുഹൃത്തുക്ക ളുള്ളത്.



ഉമർ ഹസൻ മുണ്ടമ്പ്ര

# ഇസ്റാഅ്, മിഅ്റാജ്



**മു**ത്തുനബി(സ)യുടെ മുഅജിസത്തുകളിൽ പ്രസിദ്ധമാണ് ഇസ്റാഅ്, മിഅ്റാജ് സംഭവങ്ങൾ. മക്കയിൽ തിരുനബി(സ)യുടെ വീട്ടിൽനിന്ന് ബൈതുൽമുഖദ്ദസിലേക്കുള്ള യാത്രയാണ് ഇസ്റാഅ് എന്നറിയപ്പെടുന്നത്. മുത്തുനബി(സ)ക്ക് പ്രവാചകത്വം ലഭിച്ച് പതിനൊന്നു വർഷം കഴിഞ്ഞാണ് ഇസ്റാഅ്, മിഅ്റാജ് സംഭവങ്ങൾ നടന്നത്. ഒരു റജബ് മാസം 27നായിരുന്നു ഇതെന്നാണ് പ്രബലാഭിപ്രായം.

മക്കയിലെ മസ്ജിദുൽഹറാമിൽ നിന്ന് അല്ലാഹുവിന്റെ മലക്കുകളിൽ പ്രധാനിയായ ജിബ്രീൽ(അ)നൊപ്പം ബുറാഖ് എന്ന പ്രത്യേക വാഹനത്തിലായിരുന്നു ഇസ്റാഅ് യാത്ര. റബ്ബിന്റെ കൽപ്പന പ്രകാരമാണ് ഈ യാത്രയെന്ന് ജിബ്രീൽ(അ) തിരുനബി(സ)യെ അറിയിച്ചു. അനേക ദിവസം സഞ്ചരിക്കാനുള്ള വഴിദൂരം നിമിഷങ്ങൾക്കകം താണ്ടിക്കടന്ന് ബുറാഖ് മസ്ജിദുൽഅഖ്സയിലെത്തി. അവിടെവച്ച് ഈസാന



ബി(അ), മൂസാനബി(അ) അടക്കമുള്ള പൂർവ്വകാല പ്രവാചകന്മാരെ കണ്ടുമുട്ടുകയും തിരുനബി(സ) അവർക്ക് നിസ്കാരത്തിന് നേതൃത്വം നൽകുകയും ചെയ്തു.

ശേഷം ജിബ്രീൽ(അ) നൊപ്പം വാനലോകത്തേക്കു പോയി. ഈ സഞ്ചാരമാണ് മിഅ്റാജ് എന്നറിയപ്പെടുന്നത്. അത്ഭുതകരമായ ആ യാത്രയിൽ ഓരോ ആകാശത്തിലും മലക്കുകളും പൂർവകാല പ്രവാചകന്മാരും തിരുനബി(സ)യെ ഹാർദ്ദമായി വരവേൽക്കുകയും സംഭാഷണം നടത്തുകയും ചെയ്തു. ഏഴാകാശത്തിനപ്പുറം സഞ്ചരിച്ച് തിരുദൂതർ അല്ലാഹുവുമായി നേരിട്ട് സംഭാഷണം നടത്തി. ബൈത്തുൽ മഅ്മൂർ, ലൗഹ്, ഖലം, അർശ്, കുർസിയ്യ്, സ്വർഗ്ഗം, നരകം തുടങ്ങിയ അല്ലാഹുവിന്റെ വിസ്മയ സൃഷ്ടിപ്പുകളെ തിരുനബി(സ) ഈ യാത്രയിൽ നേരിൽ കണ്ടു.


അല്ലാഹുവുമായുള്ള തിരുനബി(സ)യുടെ അഭിമുഖത്തിനുശേഷം അല്ലാഹു നൽകിയ സമ്മാനമാണ് 5 നേരത്തെ നിസ്കാരം. അന്ന് നേരം പുലരുന്നതിനു മുമ്പ് തന്നെ തിരുനബി(സ) മക്കയിൽ തിരിച്ചെത്തി. അന്ന് ളുഹ്ർ മുതൽ ജിബ്രീൽ(അ) കാണിച്ചുകൊടുത്തത് പ്രകാരം നിസ്കാരം ആരംഭിച്ചു.

വിശുദ്ധ ഖുർആനിലെ പതിനേഴാം അധ്യായമായ സൂറത്തുൽ ഇസ്റാഇൽ ഈ അത്ഭുത സഞ്ചാരത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.


മിഅ്റാജ് ദിവസം നോമ്പനുഷ്ഠിക്കൽ പുണ്യകരമാണെന്ന് പണ്ഡിതന്മാർ പഠിപ്പിക്കുന്നു. നിസ്കാരം പൂർണ ശ്രദ്ധയോടെ നിശ്ചിത സമയത്തുതന്നെ നിർവഹിക്കാൻ നമുക്ക് കഴിയണം. പരിശുദ്ധ ദീനിന്റെ അടിസ്ഥാന സ്തംഭമാണ് നിസ്കാരം.

# ചതിയൻ പാമ്പ്


കാട്ടിലൂടെ ഇര തേടി അലയുകയായിരുന്ന പാമ്പ് വലിയൊരു പാറയുടെ അടിയിൽപ്പെട്ടു.
ഹയ്യോ! രക്ഷിക്കണേ...


അപ്പോഴാണ് ഒരു പാവം മനുഷ്യൻ അതുവഴി വന്നത്.
ങേ! ഒരു പാമ്പല്ലേ ആ പാറക്കല്ലിനടി യിൽ കിടക്കുന്നത്? പാവം! അതിനെ ര ക്ഷിച്ചേക്കാം.
രക്ഷിക്കണേ.. ഞാനിപ്പോൾ ചാകുമേ.
ഹെയ്‌ലസാ... നീങ്ങട്ടെ...
ഹാവൂ, രക്ഷപ്പെട്ടു.
ഹേയ്! നിൽക്കൂ. ഞാൻ നിങ്ങളെ കടി ക്കാൻ പോകുന്നു.


ങേ! ഒരു ഉപകാരം ചെയ്താൽ ഇങ്ങനെയാണോ നന്ദി പ്രകടിപ്പിക്കുക?
നീ മഹാ ചതിയൻ തന്നെ.
ചതിയെങ്കിൽ ചതി! എനിക്ക് കടിച്ചേ പറ്റൂ.
അപ്പോഴാണ് ഒരു കുരങ്ങൻ അതുവഴി വന്നത്.
എന്താണ് പ്രശ്നം?
കല്ലിനടിയിൽപ്പെട്ട ഇവനെ ഞാൻ രക്ഷിച്ചു. ഇപ്പോഴവന് എന്നെ കടിക്കണമത്രെ!
മനുഷ്യരെ കടിക്കൽ ഞങ്ങളുടെ സ്വഭാവമാണെന്ന് നിനക്കറിയില്ലേ?
അത് ശരിയാണ്. പക്ഷേ, നടന്നതെന്താണെന്ന് എനിക്ക് വ്യക്തമായില്ല.
എന്താണ് ഉണ്ടായത് തുടക്കം മുതൽ ഒന്ന് കാണിക്കാമോ?



അതിനെന്താ, കാണി ക്കാമല്ലോ. ആ കാണു ന്ന പാറക്കല്ല് എന്റെ മു കളിൽ വെച്ചോളൂ.
ഞാനിങ്ങനെ കുരുങ്ങി ക്കിടക്കുമ്പോഴാണ് ഇ യാൾ ഇതുവഴി വന്നത്.
പാറക്കല്ല് തള്ളി മാറ്റി ഇയാൾ എ ന്നെ രക്ഷിച്ചു.
ഇനി ഈ കല്ല് മാറ്റൂ. ഞാൻ പ റയാം.
ഹിഹി! നീ ഈ ക ല്ലിനടിയിൽ തന്നെ കഴിഞ്ഞോളൂ.
മനുഷ്യാ, വേഗം രക്ഷപ്പെടാൻ നോക്കൂ. ഇനിമേൽ ചതിയന്മാ രെ സഹായിക്കരുത്.
വളരെ നന്ദി!
കഷ്ടം! ചതിയന്മാർ ക്കുള്ള ശിക്ഷ ഞാൻ ചോദിച്ചു വാങ്ങി.

## ചിത്രത്തിന്റെ വില

**ലോ**കത്ത് പലയിടങ്ങളിലും കലാവസ്തുക്കളുടെ ലേലങ്ങൾ നടക്കാറുണ്ട്. ലിയനാർഡോ ഡാവിഞ്ചിയുടെ 'സാൽവതോർ മുൺഡി' എന്ന പെയിന്റിംഗിനാണ് ഏറ്റവും കൂടുതൽ വില ലഭിച്ചതിന്റെ റെക്കോർഡുള്ളത്. 2017 ലെ ഒരു ലേലത്തിൽ 450.3 മില്യൺ ഡോളറാണ് ആ പെയിന്റിംഗിനു ലഭിച്ചത്. ഏകദേശം നാലാ



യിരം കോടി രൂപ! ഇപ്പോൾ ഉയർന്ന വിലയുടെ കാര്യത്തിൽ രണ്ടാംസ്ഥാനത്തെത്തിയിരിക്കുകയാണ് പ്രശസ്തമായ മറ്റൊരു പെയ്ന്റിംഗ്. ഓസ്ട്രിയൻ ചിത്രകാരൻ ഗുസ്താവ് ക്ലിംടിന്റെ 'പോട്രെയ്റ്റ് ഓഫ് എലിസബത്ത് ലെഡറർ' എന്ന ആറടി പൊക്കമുള്ള ചിത്രം നവംബർ 18 ന് രാത്രി ന്യൂയോർക്കിൽ നടന്ന ലേലത്തിൽ 236.4 മില്യൺ ഡോളറിനാണ് വിറ്റുപോയത്.

ഒന്നാം ലോകമഹായുദ്ധക്കാലത്താണ് ഗുസ്താവ് ക്ലിംട് ഈ ഓയിൽപെയിന്റിംഗ് സൃഷ്ടിച്ചത്. വിയന്നീസ് ആർട്ട് കളക്ടർമാരായ ഓഗസ്റ്റ് ലെഡററിന്റെയും സെറീനാ ലെഡററിന്റെയും മകളായ എലിസബത്തിന്റെ ചിത്രമാണിത്. രണ്ടാംലോകമഹായുദ്ധകാലത്ത് നാസികളുടെ ആക്രമണത്തിൽ കത്തിനശിക്കാതെ അവശേഷിച്ച ഈ ചിത്രം 1948 ൽ ലെഡററിന്റെ സഹോദരൻ എറിക്കിന്റെ കൈയിലെത്തി. 1983 ൽ അദ്ദേഹമത് വിറ്റു. 1985 ൽ ലിയോനാർഡ് ലൗഡർ കുടുംബത്തിന്റെ സ്വകാര്യശേഖരത്തിലെത്തിയ കലാവസ്തുക്കളാണ് നവംബർ 18 ന് ലേലം ചെയ്തത്. ക്ലിംടന്റെ ചിത്രങ്ങളിൽ ജാപ്പനീസ് കലയുടെ വലിയ സ്വാധീനം കാണാം.

## ക്വിസ്
## ആനുകാലികം പൊതുവിജ്ഞാനം

1. കഴിഞ്ഞമാസം ഇന്ത്യ സന്ദർശിച്ച അർജന്റൈൻ ഫുട്ബോൾ ഇതിഹാസം?

2. പാക്കിസ്ഥാനിലേക്കുള്ള ജലമൊഴുക്ക് തടയാൻ അഫ്ഗാനിസ്ഥാൻ അണക്കെട്ട് നിർമ്മിക്കുന്നത് ഏതു നദിയിൽ?

3. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ ആരംഭിച്ച ഗതാഗത സർവീസ്?

4. ഒക്ടോബറിൽ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട 'മോൻതാ' ചുഴലിക്കാറ്റിന് പേര് നൽകിയ രാജ്യം?

5. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മയായ ആസിയാനിൽ പതിനൊന്നാമത്തെ അംഗം?

6. എസ്.ഐ.ആറിന്റെ പൂർണ്ണരൂപം?




7. ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ സൂ കേരളത്തിൽ എവിടെയാണ് ഉദ്ഘാടനം ചെയ്തത്?

8. കാമറൂണിൽ വീണ്ടും അധികാരത്തിലെത്തിയ ലോകത്തിലെ ഏറ്റവും പ്രായം കൂടിയ പ്രസിഡന്റ്?

9. മണിക്കൂറിൽ 453 കിലോമീറ്റർ വേഗതയുള്ള ലോകത്തിലെ ഏറ്റവും വേഗമേറിയ ട്രെയിൻ പരീക്ഷണയോട്ടം നടത്തിയ രാജ്യം?

10. ഇന്ത്യൻ വ്യോമസേനയുടെ രണ്ട് യുദ്ധവിമാനങ്ങളിൽ പറന്ന ആദ്യ രാഷ്ട്രപതി?

11. ഇന്ത്യൻ പാർലമെന്റിലെ അധോമണ്ഡലം?

12. അടുത്തിടെ നിരവധി തവണ പൊട്ടിത്തെറിച്ച 'സകുരാജിമ' അഗ്നിപർവ്വതം സ്ഥിതിചെയ്യുന്ന രാജ്യം?

13. 2026 ഫിഫ ഫുട്ബോൾ ലോകകപ്പിന് യോഗ്യത നേടിയ ഏറ്റവും ചെറിയ രാജ്യം?

14. 127 രാജ്യങ്ങളുള്ള ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം?

15. കേരള സർക്കാരിന്റെ



1.ലയണൽ മെസ്സി, 2.പോൾ ബിയ, 3.ദ്രൗപതി മുർമ്മു, 4.അശ്റഫ് ഹാകിമി, 5.വിരാട് കോഹ്‌ലി

പരമോന്നത സാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം നേടിയ കവി?

16. ഗവർണറുടെ ഔദ്യോഗിക വസതിയായ രാജ്ഭവനുകളുടെ പുതിയപേര്?

17. 2030 ലെ കോമൺവെൽത്ത് ഗെയിംസിന് വേദിയാകുന്ന ഇന്ത്യൻ നഗരം?

18. 2025ലെ ആഫ്രിക്കൻ ഫുട്ബോളർ ഓഫ് ദി ഇയർ പുരസ്കാരം നേടിയ മൊറോക്കൻ താരം?



19. ബംഗ്ലാദേശിൽ നടന്ന വനിതാ കബഡി ലോകകപ്പിൽ കിരീടം നേടിയ രാജ്യം?

20. ശ്രീലങ്കയിൽ നിരവധി പേരുടെ മരണത്തിനിടയാക്കിയ കൊടുങ്കാറ്റ്?

21. ലോക ബ്രെയിലി ദിനം ആചരിക്കുന്നതെന്ന്?

22. ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്ന വർഷം?

23. സ്വച്ഛ് സർവേക്ഷൺ 2025 റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഏറ്റവും വൃത്തിഹീനമായ നഗരം?

24. ലോകത്തിലെ ആദ്യത്തെ ഇലക്ട്രിക് വിമാനം?

25. ഏകദിന ക്രിക്കറ്റിലെ രണ്ടാമത്തെ ഏറ്റവും വലിയ റൺവേട്ടക്കാരൻ?

ഉത്തരങ്ങൾ

**ഉത്തരങ്ങൾ**: 1. ലയണൽ മെസ്സി, 2. കുനാർ നദി, 3. ഭാരത് ടാക്സി, 4.തായ്‌ലാന്റ്, 5. കിഴക്കൻ ടിമോർ, 6. സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ, 7. പുത്തൂർ – തൃശ്ശൂർ, 8. പോൾ ബിയ, 9. ചൈന, 10. ദ്രൗപതി മുർമ്മു, 11.ലോകസഭ, 12. ജപ്പാൻ, 13. ക്യുറസാവോ, 14. 102, 15. കെ ജി ശങ്കരപ്പിള്ള, 16. ലോക്ഭവൻ, 17. അഹമ്മദാബാദ്, 18. അശ്റഫ് ഹാകിമി, 19. ഇന്ത്യ, 20. ദീതവാ, 21. ജനുവരി 4, 22. 1950, 23. മധുര – തമിഴ്നാട്, 24. ആലിയ എക്സ് 300, 25. വിരാട് കോഹ്‌ലി



**സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ**

# മൗലവി സയ്യിദ് അലാവുദ്ദീൻ

**മുഹ്സിൻ കളത്തിൽകുണ്ട്**

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വാഴ്ത്തപ്പെടാതെ പോയ സ്വാതന്ത്ര്യസമരസേനാനിയാണ് മൗലവി സയ്യിദ് അലാവുദ്ദീൻ. ദക്ഷിണേന്ത്യയിലെ ഏറ്റവും ശക്തമായ നാട്ടുരാജ്യങ്ങളിലൊന്നായ നൈസാം സംസ്ഥാനത്തുള്ള ജനങ്ങളോട് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആഹ്വാനം ചെയ്ത ആത്മീയനേതാവായിരുന്നു അദ്ദേഹം. ബ്രിട്ടീഷുകാർക്കെതിരായ പോർക്കളങ്ങളിൽ മുൻനിരയിലുണ്ടായിരുന്ന അദ്ദേഹം ഒരുപാട് കാലം ഹൈദരാബാദ് നഗരമധ്യത്തിലുള്ള മക്കമസ്ജിദിലെ പ്രഭാഷകനും ഇമാമുമായിരുന്നു. 1857 ജൂലൈ 17ന് ബ്രിട്ടീഷ് റെസിഡൻസിയിൽ നടന്ന ആക്രമണത്തിന് നേതൃത്വം നൽകിയതിലൂടെയാണ് അദ്ദേഹം പ്രശസ്തനായത്.

1857ൽ നൈസാം സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഔറംഗാബാദിൽ ഒരു കലാപം ആരംഭിച്ചു. തുടർന്ന് അറസ്റ്റിൽ നിന്ന് രക്ഷപ്പെട്ട് ഹൈദരാബാദിലേക്ക് വന്ന വിപ്ലവകാരികളെ നൈസാംപോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. അവരെ മോചിപ്പിക്കാനുള്ള അപേക്ഷ നിരസിച്ചതോടെ നൈസാം സംസ്ഥാനത്തെ ജനങ്ങളും പ്രമുഖ പൗരന്മാരും രോഷാകുലരായി. 1857 ജൂലൈ 17ന് അവർ മക്കമസ്ജിദിൽ ഒത്തുകൂടി ഹൈദരാബാദിലെ ബ്രിട്ടീഷ് റെസിഡൻസി ആക്രമിക്കാൻ പദ്ധതിയിട്ടു. അന്ന് ഉച്ചതിരിഞ്ഞ് മൗലവി അല്ലാവുദ്ദീന്റെയും തുറയ്ബസ്ഖാന്റെയും നേതൃത്വത്തിൽ അഞ്ഞൂറോളം പേർ സുൽത്താൻബസാറിൽ നിന്ന് യുദ്ധാസന്നാഹങ്ങളുമായി ബ്രിട്ടീഷ് റെസിഡൻസിയെ ലക്ഷ്യമാക്കി നീങ്ങി. ബ്രിട്ടീഷ് അനുകൂലിയായിരുന്ന നൈസാമിലെ നവാബ് ആസന്നമായ ആക്രമണത്തെക്കുറിച്ച് ഇംഗ്ലീഷ് ഉദ്യോഗസ്ഥരെ അറിയിച്ചു. ബ്രിട്ടീഷുകാരുടെയും നൈസാമിന്റെയും സൈന്യങ്ങൾ

വിപ്ലവകാരികളെ നേരിട്ടു.

രാത്രി മുഴുവൻ പോരാട്ടം തുടർന്നു. വിപ്ലവകാരികൾ പിൻവാങ്ങിയതോടെ ബ്രിട്ടീഷ് - നവാബ് സൈന്യം ഹൈദരാബാദിലെ ജനങ്ങളെ ആക്രമിക്കാൻ തുടങ്ങി. ഈ ആക്രമണത്തിൽ മുപ്പതോളം പേർക്ക് ജീവൻ നഷ്ടമായി. മൗലവി സയ്യിദ് അല്ലാവുദ്ദീന്റെ തലയ്ക്ക് നാലായി



രം രൂപ ബ്രിട്ടീഷുകാർ പാരിതോഷികം പ്രഖ്യാപിച്ചു. ഉറ്റസുഹൃത്തായ പീർ മുഹമ്മദിന്റെയടുക്കൽ ഒന്നരവർഷത്തോളം ഒളിവിൽ കഴിഞ്ഞ അദ്ദേഹം ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കുന്നതിനായി വിപ്ലവകാരികളായ സയ്യിദ് ഭിക്കു, സയ്യിദ് ലാൽ, മുഹമ്മദ് അലി എന്നിവരുമായി കൂടിയാലോചനയാരംഭിച്ചു.

ബ്രിട്ടീഷുകാരുടെ കല്പനയനുസരിച്ച് നൈസാം സർക്കാർ മൗലവി അലാവുദ്ദീന്റെയും തുറയ്ബസ്ഖാന്റെയും സ്വത്ത് കണ്ടുകെട്ടാനും വീട് പൊളിക്കാനും ഉത്തരവിട്ടു. 1859 ജൂൺ 28 ന് അപ്രതീക്ഷിതമായി ബ്രിട്ടീഷ് സൈന്യം മൗലവി അലാവുദ്ദീനെ അറസ്റ്റ് ചെയ്യുകയും ആൻഡമാനിലെ സെല്ലുലാർ ജയിലിലേക്കയയ്ക്കുകയും ചെയ്തു. മക്ക മസ്ജിദിൽ ബ്രിട്ടീഷ് വിരുദ്ധ സന്ദേശം പ്രചരിപ്പിച്ചു, റെസിഡൻസിക്കു നേരെ ആക്രമണം നയിച്ചു എന്നിവയായിരുന്നു അദ്ദേഹത്തിനുമേൽ ചാർത്തിയ കുറ്റങ്ങൾ. റസിഡൻസി ആക്രമണത്തിനിടെ വെടിയേറ്റ് മൗലവിയുടെ വലതു കൈ തളർന്നുപോയിരുന്നു. തോളിലും നെറ്റിയിലും വാളുകൊണ്ടേറ്റ മുറിവുകളും ആരോഗ്യം വഷളാക്കി. അദ്ദേഹത്തെ മോചിപ്പിക്കണമെന്ന് ആവശ്യമുയർന്നിരുന്നെങ്കിലും നൈസാം ഭരണകൂടം സമ്മതിച്ചില്ല. 25 വർഷത്തെ ദുരിതപൂർണ്ണമായ തടവുജീവിതത്തിനു ശേഷം 1884 ൽ മൗലവി ഈ ലോകത്തോട് വിട പറഞ്ഞു.

# അബൂട്ടി

● നോവൽ – 27

മുജ്തബ നസ്വീഹ്

## ബന്ധങ്ങൾ മുറിക്കരുതല്ലോ

**എ**ൻട്രൻസ് എക്സാമെഴുതി പരീക്ഷാഹാളിൽ നിന്ന് പുറത്തിറങ്ങി നടക്കുമ്പോഴാണ് പിന്നിൽ നിന്നാരോ ശക്തമായൊന്നു തോണ്ടിയത്. തിരിഞ്ഞുനോക്കിയപ്പോൾ ഒരു സംഘത്തിന്റെ കൂട്ടച്ചിരി. അവരിൽ ഒരുത്തൻ ചോദിക്കുന്നു:

'എന്തിനാ മോല്യാരുട്ടി ഇവിടെ വന്നത്?'

'പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്ത് കാര്യം?' മറ്റൊരുത്തന്റെ കമന്റ്.

അവരോടെന്തെങ്കിലും പറയാൻ തുനിഞ്ഞാൽ കൂടുതൽ പ്രശ്നമാവുകയേയുള്ളൂ. അബൂട്ടി അതൊന്നും കേട്ട ഭാവം നടിക്കാതെ മുന്നോട്ടുനടന്നു. അപ്പോഴുണ്ടൊരുത്തൻ മുമ്പിൽ വന്നു നിന്നു ചോദിക്കുന്നു: 'എടാ, നീ ഞങ്ങടെ വീട്ടില് ആടിനെ നോക്കിയിര്ന്ന ആ ചെക്കനല്ലേ?'

അബൂട്ടി അവന്റെ മുഖത്തേക്കു നോക്കി. മാമന്റെ മകൻ നവാസ്! അബൂട്ടിക്കു വല്ലാത്ത വിഷമം തോന്നി. എന്നെ കളിയാക്കിയ സംഘത്തിൽ പെട്ടവനാണല്ലോ അവനും.

അബൂട്ടി അവന്റെ മുഖത്തുനോക്കി ചിരിച്ചുകൊണ്ട് ചോദിച്ചു: 'നവാസേ, എന്താ വിശേഷം? സുഖമല്ലേ? ഉപ്പാക്കും ഉമ്മാക്കുമെല്ലാം?' അവൻ അതൊന്നും കേട്ടതായി ഭാവിക്കാതെ ചോദിച്ചു: 'നീയിപ്പോ മൊയ്ല്യാരാ

ണല്ലേ, അബൂട്ടി മൊയ്ല്യാര് ഡോക്ടറാവാനുള്ള പരീക്ഷയെഴുതാനാണോ വന്നത്?'

'നവാസേ, പൂതികൊണ്ട് പരീക്ഷഹാൾ കാണാൻ വന്നതായിരിക്കും. ഒഴിവാക്കിയേക്ക്.' മറ്റൊരുത്തൻ വിളിച്ചുപറഞ്ഞു. അതെല്ലാം കേട്ട് പിന്നാലെ വരുന്ന പെൺകുട്ടികളുടെ സംഘം കിലുകിലാന്ന് പൊട്ടിച്ചിരിതുടങ്ങി. അതും കൂടിയായപ്പോൾ അബൂട്ടി വല്ലാതെ വിഷമിച്ചുപോയി. അവൻ വേഗം നടന്നു. മറ്റു കുട്ടികളെ മറികടന്ന് ബസ്സിൽ കയറാനോടി.

മനസ്സിന് വല്ലാത്തൊരു കനം. ഈ മനുഷ്യന്മാരൊക്കെ എന്താണിങ്ങനെ? ഞാനിപ്പോ ആരോടും ഒന്നും പറയാനോ നോക്കാനോ പോയിട്ടില്ലല്ലോ. എന്നിട്ടും വെറുതെ തിര



ഞ്ഞുപിടിച്ച് ദ്രോഹിക്കുന്നു! ഈ വേഷമണിഞ്ഞതാണോ ഞാൻ ചെയ്ത തെറ്റ്? ഇങ്ങനെയുള്ള സ്ഥലങ്ങളിലേക്ക്

വരുമ്പോൾ ഈ വേഷം അഴിച്ചുകളയേണ്ടിയിരുന്നോ?

മെഡിക്കൽകോളേജിൽ എംബിബിഎസിന് അഡ്മിഷൻ കിട്ടിയാൽ ഞാന വരെപ്പോലെ വേഷമണിയേണ്ടിവരുമോ? പെട്ടെന്ന് അവന്റെ മനസ്സു മന്ത്രിച്ചു; പറ്റില്ല! ഈ വേഷം അഴിച്ചുവെക്കുന്ന പ്രശ്നമേയില്ല. പരീക്ഷ നന്നായി എഴുതിയിട്ടുണ്ട്. ഉയർന്ന റാങ്കിൽ എത്തുമെന്ന് പ്രതീക്ഷയുണ്ട്. എങ്കിൽ ഏതെങ്കിലും മെഡിക്കൽകോളേജിൽ ചേരണം. എവിടെ ചേർന്നാലും തലയിൽ നിന്ന് തൊപ്പിയെടുക്കുന്ന പ്രശ്നമേയില്ല. വേണ്ടിവന്നാൽ ഒരു തലപ്പാവു കൂടി അണിയുമെന്നല്ലാതെ!

എന്നാലും മാമന്റെ മകൻ അവിടെ വന്നു പരിഹസിച്ചല്ലോ എന്ന വിചാരം മനസ്സിൽ മുറിവായിത്തന്നെയുണ്ട്. വല്ലാത്തൊരു മാമനും മക്കളും തന്നെ! അവിടെനിന്നു പോന്നിട്ടിപ്പോൾ അഞ്ചെട്ടുകൊല്ലമായല്ലോ. അതിനിടെ മാമന്റെ പെങ്ങളായ ഉമ്മയും മകനായ ഞാനും ജീവിച്ചിരിപ്പുണ്ടോ എന്നു പോലും അവരാരും അന്വേഷിച്ചില്ലല്ലോ.

കുടുംബബന്ധങ്ങൾ ചേർക്കുന്നതിന്റെ മഹത്വം പഠിക്കുമ്പോഴൊക്കെ വിചാരിക്കും; മാമനെയും കുടുംബത്തെയും ഒന്നു പോയി കാണണമെന്ന്. ഉമ്മയോടിക്കാര്യം പറഞ്ഞാൽ സമ്മതിക്കില്ല. ഉമ്മ പറയും: ‘അബൂട്ടി മോനേ, നമ്മളുമായുള്ള ബന്ധം മുറിച്ചെറിഞ്ഞവരല്ലേ അവര്? ഇനി നമ്മളങ്ങോട്ടു ചെന്നാലും അവര് ആട്ടിപ്പുറത്താക്കുകയേയുള്ളൂ. പിന്നെന്തിന് വഷളാകാൻ അങ്ങോട്ട് പോകണം?’

ആലോചിച്ചപ്പോൾ തോന്നി; ഉമ്മ പറഞ്ഞത് ശരിയാണെന്ന്, അവരൊരിക്കലും ഞങ്ങളെ സ്വീകരിക്കാൻ തയ്യാറാകില്ലെന്ന്. ഇപ്പോൾ അക്കാര്യം ഉറപ്പായല്ലോ. മാമന്റെ മകനാണവിടെ എന്നെ പരിഹസിക്കാൻ കോപ്പുകൂട്ടിയത്. എന്നാലും മനസ്സു കൊണ്ട് അവർ തമ്മിലുള്ള ബന്ധം മുറിച്ചുകളയാൻ തോന്നുന്നില്ല. എന്നെങ്കിലും ഞങ്ങൾ വീണ്ടും അടുക്കുമായിരിക്കും. മനസ്സിൽ പ്രതീക്ഷയുണ്ട്. കുടുംബബന്ധം മുറിച്ചുകളയുന്നത് വലിയ പാപമാണല്ലോ.

ബസ്സിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ അബൂട്ടി ആലോചിച്ചു; ഇന്നത്തെ ആ കയ്പേറിയ അനുഭവം ഉമ്മയോട് പറയണോ? ആരോടെങ്കിലും തുറന്നുപറഞ്ഞാൽ മനസ്സിനൊരു സമാധാനം കിട്ടും. പക്ഷേ, ആ സംഭവം ഉമ്മയെ കൂടുതൽ വേദനിപ്പിക്കില്ലേ? ഉമ്മാക്ക് ആങ്ങളയോടുള്ള ദേഷ്യവും പിണക്കവും വർധിക്കില്ലേ? വേണ്ട! ആ വിവരമൊന്നും പറയേണ്ട. വെറുതെ എന്തിന് ഉമ്മയുടെ മനസ്സിനെക്കൂടി വേദനിപ്പിക്കണം?



മൺപാതയിൽ നിന്നു കുത്തനെയുള്ള പടവുകൾ കയറുമ്പോൾ മുകളിലേക്ക് കണ്ണയച്ചു. ഉമ്മയതാ മുറ്റത്തു തന്നെയുണ്ട്; അബൂട്ടി വരുന്നതും കാത്തിരിക്കുകയാണല്ലോ. പത്തുപതിനെട്ടു വയസ്സായിട്ടും ഉമ്മയ്ക്ക് ഞാനിപ്പോഴും കൊച്ചുകുഞ്ഞാണെന്നാണ് വിചാരം. ഒറ്റയ്ക്കെങ്ങോട്ടെങ്കിലും പോകാൻ തുനിഞ്ഞാൽ എന്തൊരു ബേജാറാണ്! കോളേജിലാണെങ്കിൽ പിന്നെ ഉമ്മാക്ക് ബേജാറൊന്നുമില്ല. 'അവിടെ മോനെ നോക്കാൻ നല്ലവരായ ഉസ്താദുമാരുണ്ടല്ലോ' എന്നാണ് ഉമ്മ

## നത്തും തത്തേം

നത്തിനൊരു പൊത്തുകിട്ടി
പൊത്തിലൊരു വിത്തുകിട്ടി
വിത്തുകൊത്തി നത്തുപാടി
തത്തയുടെ കൊത്തുകിട്ടി !

രാമചന്ദ്രൻ പുറ്റുമാനൂർ

പറയാറ്.

മുറ്റത്തേക്ക് കയറിയതേയുള്ളൂ, ഉമ്മ വന്നു കെട്ടിപ്പിടിച്ചു ചോദിക്കുന്നു: 'അബൂട്ടി മോനേ, എങ്ങനെയുണ്ടായിരുന്നു പരീക്ഷ? മോൻ ചോദ്യങ്ങൾക്കൊക്കെ ഉത്തരമെഴുതിയോ?'

'ഒക്കെ ഈസിയായിരുന്നു ഉമ്മാ. ഉമ്മയുടെ ദുആ കൊണ്ട് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതാൻ കഴിഞ്ഞു. ഫുൾ സ്കോറില്ലെങ്കിലും അഡ്മിഷൻ കിട്ടുമെന്നാണ് പ്രതീക്ഷ.'

അപ്പോഴേക്കും മോളൂട്ടിയും ഓടിവന്നു. അവളിപ്പോൾ വലുതായിരിക്കുന്നു. അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്. അവൾ ഉറക്കെ വിളിച്ചു ചോദിക്കുന്നു: 'ഇക്കാക്ക ഡോക്ടറാവാണോ?'

പിന്നെ അവൾ പറഞ്ഞു: 'ഡോക്ടറായാലേ, നമ്മൾക്കാ റോഡിൽ ഒരു ബോർഡ് വെക്കണം; ഡോക്ടർ അബൂട്ടി എന്ന്, അല്ല ഡോക്ടർ അബൂബക്കർ എന്ന്.' അതു കേട്ട് ഉമ്മയും അബൂട്ടിയും ചിരിച്ചുപോയി. ആ ചിരിയിൽ പങ്കുചേരാൻ കോലായിൽ നിന്ന് എളാപ്പയും ഇറങ്ങിവന്നു. (തുടരും)





# ഗോവ

- തലസ്ഥാനം: പനാജി
- വിസ്തീർണം: 3,702 ച.കി.മീ
- ജനസംഖ്യ: 14,58,545
- ജനസാന്ദ്രത: 394/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 973/1000
- സാക്ഷരത: 88.70%
- ഭാഷകൾ: കൊങ്കണി, മറാഠി
- ലോക്സഭാ സീറ്റുകൾ: 2
- രാജ്യസഭാ സീറ്റുകൾ: 1
- അസംബ്ലി സീറ്റുകൾ: 40

## ചരിത്രം

1510ൽ പോർച്ചുഗീസ് സൈന്യം ഗോവയെ ആക്രമിച്ചു കീഴടക്കി. ഇന്ത്യ സ്വതന്ത്രമായശേഷവും പോർച്ചുഗീസുകാരുടെ അധീനതയിലായിരുന്ന ഗോവയെ 1961 ഡിസംബർ 19ന് ഇന്ത്യൻ സർക്കാർ ഇടപെട്ട് സ്വതന്ത്രമാക്കി. 1962 മാർച്ചിൽ ഗോവ, ദാമൻ - ദിയു ഭരണനിയമത്തെ തുടർന്ന് എട്ടാം കേന്ദ്രഭരണപ്രദേശമായി നിലവിൽവന്നു. 1963 മേയ് 13ന് കേന്ദ്രഭരണപ്രദേശ നിയമം നിലവിൽ വന്നപ്പോൾ ഗോവയിൽ 30 അംഗ നിയമസഭ രൂപീകരിച്ചു. 1987 മെയ് 30ന് ഗോവ ഇന്ത്യയിലെ സംസ്ഥാനമായി. ഗോമാഞ്ചല, ഗോപകപട്ടം, ഗോപകപുരി, ഗോവാപുരി, ഗോമാന്തക് എന്നിവ ഗോവയുടെ പഴയപേരുകളാണ്. ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമാണ് ഗോവ.

## ജില്ലകൾ

1. നോർത്ത് ഗോവ 2. സൗത്ത് ഗോവ




## അതിർത്തികൾ

**വടക്ക് – മഹാരാഷ്ട്ര,**
**കിഴക്ക്, തെക്ക് – കർണാടക**
**പടിഞ്ഞാറ് അറബിക്കടൽ**

**സംസ്ഥാന പുഷ്പം –** റെഡ് ജാസ്മിൻ
**സംസ്ഥാന പക്ഷി –** റൂബി ത്രോട്ടഡ് യെല്ലോ ബുൾബുൾ
**സംസ്ഥാന വൃക്ഷം –** മട്ടി
**സംസ്ഥാന മൃഗം –** ഇന്ത്യൻ ബൈസൺ (Gour)

ബീവി ഖദീജ(റ) ചരിത്രം - 4

# മക്കയിലെ പ്രകാശ താരകം

അൻവർ കാരേപറമ്പ്

## പ്രതീക്ഷയുടെ പുഷ്പങ്ങൾ

**ആ**യിടക്കാണ് ഖദീജ ഒരു ഖുറൈശീ യുവാവിനെക്കുറിച്ചറിഞ്ഞത്. ആളുകൾക്കിടയിൽ വളരെയേറെ വിശ്വസ്തൻ, സൽസ്വഭാവി. ജീവിതത്തിൽ ഇതുവരെ കള്ളം പറഞ്ഞിട്ടേയില്ലെന്ന് നാട്ടുകാരുടെ അനുഭവസാക്ഷ്യം. പേര് മുഹമ്മദ്. തന്റെ കച്ചവടപങ്കാളിയാകാൻ എന്തുകൊണ്ടും യോഗ്യൻ.

ഖദീജ ആ യുവാവിനെക്കുറിച്ചന്വേഷിച്ചു. മക്കയിലെ പ്രമാണിയും ബഹുമാന്യനുമായ അബ്ദുൽമുത്വലിബിന്റെ മകൻ അബ്ദുല്ലയാണ് പിതാവ്. പിതാവ് ജീവിച്ചിരിപ്പില്ല. വരാനിരിക്കുന്ന പ്രവാചകനെ മക്കയിൽ പലരും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പഴയ വേദങ്ങളിൽ അറിവുള്ളവർ അക്കാര്യം മനസ്സിലാക്കിയിരുന്നു. പ്രവാചകന്റെ പിതാവിന്റെ മുഖത്ത് ഒരു പ്രത്യേക പ്രകാശമുണ്ടാകുമത്രെ. അതനുസരിച്ച് നാട്ടുകാരെല്ലാം ഉറ്റുനോക്കിയത് അബ്ദുല്ലയുടെ മുഖത്തേക്കാണ്. ആ മുഖത്ത് എന്തെന്നില്ലാത്ത ശോഭ കാണാം. മക്കാനിവാസികളായ പല സ്ത്രീകളും അബ്ദുല്ലയെ ഭർത്താവായി ലഭിക്കാൻ കൊതിച്ചു. എങ്കിൽ ഒരു പ്രവാചകന് ജന്മം നൽകാൻ കഴിയുമല്ലോ? ആ



അബ്ദുല്ലയാണ് മുഹമ്മദിന്റെ പിതാവ്. മാതാവ് അബ്ദുല്ലയുടെ പ്രിയപത്നി ആമിനയും.

ഈ വിവരങ്ങൾ പറഞ്ഞത് ഖദീജയുടെ എളാപ്പയുടെ മകൾ റുഖിയയാണ്. റുഖിയയും അബ്ദുല്ലയെ വിവാഹം കഴിക്കാൻ ആലോചിച്ചിരുന്നത്രെ. അവർക്കും പ്രതീക്ഷയുണ്ടായിരുന്നു, അബ്ദുല്ലയാണ് വരാനിരിക്കുന്ന പ്രവാചകരുടെ പിതാവെന്ന്.

സംഭവങ്ങൾ കേട്ട ഖദീജക്ക് കൗതുകം കൂടി. അവളുടെ ചിന്തകളത്രയും ആ ചെറുപ്പക്കാരനെക്കുറിച്ചായി. ജനിക്കും മുമ്പ് ഉപ്പ മരിച്ചു. ആറാം വയസ്സിൽ ഉമ്മയും. തെറ്റിലേക്ക് പോകാൻ സാഹചര്യങ്ങളുണ്ടായിട്ടും നന്മവഴിയിൽ നടന്ന യുവാവ്. നാട്ടുകാർ ഒന്നടങ്കം വിളിക്കുന്നത് 'അൽഅമീൻ' എന്ന്; വിശ്വസ്തൻ എന്നർത്ഥം. അതേ! അദ്ദേഹം പ്രവാചകൻ തന്നെയാണ്! ഖദീജയുടെ ചിന്തകൾ ഉറച്ചു.

അൽഅമീനെ തന്റെ കച്ചവട പ്രതിനിധിയാക്കണം. പക്ഷേ, എങ്ങനെ സാധ്യമാകും? മക്കയിലെ വലിയ കുടുംബമല്ലേ? തന്റെ ജോലിക്കാരനാവാൻ തയാറാകുമോ? ഖദീജക്ക് ആശങ്കയുണ്ടായിരുന്നു.

അങ്ങനെയിരിക്കെയാണ് ആ ചെറുപ്പക്കാരന് കച്ചവടത്തിൽ താൽപ്പര്യമുണ്ടെന്ന് കേൾക്കാനായത്. ഉടൻതന്നെ ഖദീജ ആളെ വിട്ട് മുഹമ്മദിനെ വീട്ടിലേക്ക് വരുത്തി. വീട്ടിലേക്കെത്തിയ സൗന്ദര്യത്തിന്റെ ആൾരൂപം കണ്ട് ഖദീജ അമ്പരന്നു. 'ഒരു മനുഷ്യന് ഇത്രയും സൗന്ദര്യമോ? ഇദ്ദേഹം തന്നെയായിരിക്കും ജനം കാത്തിരിക്കുന്ന പ്രവാചകൻ!'

'കച്ചവടസംഘത്തിൽ ചേരണോ?' ഖദീജ നേരെ കാര്യം തുറന്നു ചോദിച്ചു.



## ജനുവരി 26 : റിപ്പബ്ലിക് ദിനം

**ബ്രി**ട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച് ഇന്ത്യ ഒരു പരമോന്നത രാജ്യമായതിന്റെ ഓർമ്മക്കായി ജനുവരി 26 റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. 1950 ജനുവരി 26 നാണ് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത്. 1950 ജനുവരി 26 ന് ഡോ. രാജേന്ദ്രപ്രസാദ് ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതിയായി തെരെഞ്ഞെടുക്കപ്പെട്ടു.

ചെറുപ്പക്കാരന്റെ മുഖത്ത് സമ്മതഭാവം. ഖദീജക്ക് സന്തോഷമായി.

'താങ്കൾ വളരെ മാന്യനാണെന്നും സത്യസന്ധനാണെന്നും ഞാൻ കേട്ടിട്ടുണ്ട്. എന്റെ കച്ചവടച്ചുമതല താങ്കൾ ഏറ്റെടുക്കുകയാണെങ്കിൽ, മറ്റുള്ളവർക്ക് നൽകുന്നതിൽ കൂടുതൽ ഞാൻ നൽകുന്നതാണ്.' ഖദീജ തന്റെ വാഗ്ദാനം മുന്നോട്ട് വെച്ചു. അൽഅമീൻ ആ വാഗ്ദാനം സ്വീകരിച്ചു.

ഖദീജയുടെ ഹൃദയത്തിൽ പൂക്കൾ വിടർന്നു. തന്റെ പ്രതീക്ഷകൾക്ക് ചിറകുമുളയ്ക്കുന്നു! സൽഗുണ സമ്പന്നനായ അൽഅമീനെ ഇനി അടുത്തറിയാമല്ലോ.

അൽഅമീനെ കച്ചവടസംഘത്തിൽ ചേർത്ത വിവരമറിഞ്ഞാവണം അബൂത്വാലിബ്, (അൽഅമീന്റെ പിതൃവ്യൻ) ഖദീജയുടെ വീട്ടുമുറ്റത്തെത്തി.

'എന്റെ സഹോദരപുത്രന് സാധാരണ നൽകുന്ന പ്രതിഫലം പോരാ. ഇരട്ടി നൽകണം.'

ഖദീജ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'താങ്കൾ മക്കയിലെ പ്രമാണിയും മാന്യനുമാണ്. താങ്കൾ അകന്ന ഒരു ബന്ധുവിനു വേണ്ടി ശിപാർശ ചെയ്താൽ പോലും ഞാനത് സ്വീകരിക്കും. പിന്നെയാണോ വളരെ അടുത്തവനും താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനുമായ ഒരാളുടെ കാര്യത്തിലുള്ള ശിപാർശ? ഞാനത് സ്വീകരിക്കുന്നു.'

അൽഅമീനിപ്പോൾ ഖദീജയുടെ കച്ചവടസംഘത്തിലെ അംഗമാണ്. എത്ര വലിയ സംഘമാണത്! ആ ഖാഫിലയാത്ര പുറപ്പെടുന്നതു കാണാൻ തെരുവിൽ ആളുകൾ തടിച്ചുകൂടും. തിരിച്ചുവരുമ്പോൾ ആരവങ്ങളോടെ വരവേൽക്കും. മക്കക്കാരെല്ലാം സന്തോഷിക്കും. കാരണം, ഖദീജയുടെ സംഘമാണല്ലോ. ലാഭവുമായി സംഘം തിരിച്ചെത്തുമ്പോൾ അവർക്കും സമ്മാനങ്ങൾ ലഭിക്കും. അത്രയും നല്ല മനസ്സുള്ളവളായിരുന്നു ഖദീജ. (തുടരും)

# സൂഫിയുടെ ഒരു ദിനം

**തി**കഞ്ഞ പണ്ഡിതനും സൂഫിവര്യനുമായിരുന്നു ആമിറുബ്നു അബ്ദുഖൈസ്(റ). സുബ്ഹി നിസ്കാരം കഴിഞ്ഞാലുടൻ മഹാൻ പള്ളിയുടെ ഒരു ഭാഗത്തിരുന്ന് ജനങ്ങൾക്ക് അറിവുകൾ പറഞ്ഞു കൊടുക്കും. സൂര്യനുദിച്ച് അല്പനേരം കഴിഞ്ഞാൽ നിസ്കാരത്തിൽ മുഴുകും. വെയിലിന് ചൂടേറിത്തുടങ്ങിയാൽ വീട്ടിൽ പോയി അല്പനേരം വിശ്രമിക്കും. ളുഹ്ർ നിസ്കരിക്കാൻ വീണ്ടും പള്ളിയിലെത്തും. ളുഹ്ർ നിസ്കാരം കഴിഞ്ഞാൽ അസ്വർ വരെ സുന്നത്ത് നിസ്കരിക്കും. അസ്വർ നിസ്കാരം കഴിഞ്ഞാൽ ജനങ്ങളെ വിളിച്ചുകൂട്ടി അറിവ് പകർന്നു കൊടുക്കും. സൂര്യനസ്തമിച്ചാൽ മഗ്‌രിബ് നിസ്കരിക്കും. ശേഷം ഇശാഅ് വരെ സുന്നത്ത് നിസ്കരിക്കും. ഇശാഅ് നിസ്കരിച്ചാൽ വീട്ടിലേക്കു മടങ്ങി തയ്യാറാക്കിവച്ച രണ്ട് പത്തിരികളിൽ ഒന്ന് കഴിച്ച് അൽപനേരം ഉറങ്ങും. രാത്രി പകുതി പിന്നിട്ടാൽ ഉണർന്ന് നിസ്കാരം ആരംഭിക്കും. അത്താഴസമയമായാൽ ബാക്കിയുള്ള പത്തിരി കൂടി കഴിച്ച് അല്പം വെള്ളം കുടിക്കും. ശേഷം സുബ്ഹി നിസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെടും.





മിസ്റ്റർ
മണ്ടപ്പൻ
ഒരു സുപ്രഭാതം,
കാലങ്ങൾക്കുശേഷമാണ് ഒരു പ്രഭാതനടത്തത്തിനിറങ്ങുന്നത്.
അതേയതെ! പുതുവർഷമല്ലേ, പുതിയ തീരുമാനങ്ങളൊക്കെയാവാം.
അണ്ണേ, അത് ശ്രദ്ധിച്ചോ? എല്ലാവരുടെയും കൈകളിൽ ഓരോ മുട്ടൻവടികളുണ്ടല്ലോ!
ഹിഹി! അത് ഊന്നുവടിയാകും മച്ചൂ.
എല്ലാവരും വൃദ്ധന്മാരായോ അണ്ണേ?
ദാ, ആ വരുന്നയാളോട് കാര്യം തിരക്കാം.


ഹലോ മിസ്റ്റർ, ഇത്ര ചെറുപ്പത്തിൽ എന്തിനാണീ ഊന്നുവടി?
ഹിഹി! ഇത് ഊന്നുവടിയല്ല; മുട്ടൻവടിയാ. പുലിയാശാൻ മൃഗശാലയിൽ നിന്ന് ചാടിയ വിവരം അറിഞ്ഞില്ലേ?
ങേ! ചതിച്ചോ അണ്ണേ?
ഇ... ഇല്ല. പേ... പേടിക്കാൻ ഒന്നുമില്ല!
അപ്പന്മാരേ... ഒരു കുറുവടിയെങ്കിലും കൈയിൽ കരുതുന്നത് ആരോഗ്യത്തിന് ഗുണം ചെയ്യും.
അണ്ണേ... ക്ഷീണം പോലെ. കാൽ മുന്നോട്ടുവെക്കാൻ കഴിയുന്നില്ല.
എനിക്കും തലൈവ! കാലിനൊരു വിറയൽ.


ഇപ്പോൾ കാലങ്ങൾ ക്കു ശേഷം നടക്കാ നിറങ്ങിയതുകൊ ണ്ടാവും.
സാധ്യതയുണ്ട്. പക്ഷേ, പുലിയാശാൻ ചാടിയെന്ന വാർത്ത കേട്ടപ്പോഴാണ് വിറയലും ക്ഷീണവുമെ ല്ലാം തുടങ്ങിയത്.
ഡോണ്ട് വറി! വെ ള്ളം ഞാനുടൻ കൊണ്ടുവരാം.
ഒരടി നടക്കാൻ വയ്യ. വല്ലാത്ത ദാഹം!
വേഗം വരണേ! തൊണ്ടയാകെ വരളുന്ന പോലെ!
തൽസമയം മരത്തിനു മുകളിൽ,
ങേ! അപ്പന്മാര ല്ലേ അത്? പെട്ട തുതന്നെ.
പിടികൂടുന്നതി നു മുമ്പ് വേഗം ഇറങ്ങിച്ചെന്ന് കീഴടങ്ങാം.


മച്ചുവിനെ കാണുന്നില്ലല്ലോ, ഇനി പുലിയാശാൻ പിടിച്ചു കാണുമോ?
ദൈവമേ, കാത്താളണേ…
മണ്ടപ്പൻ സാറേ, സോറി ഫോർ ഡിസ്റ്റർബൻസ്!
ഹമ്മേ! പുലിയാശാൻ!
ങേ! സാറിന്റെ ബോധം പോയെന്നു തോന്നുന്നു.
ഹയ്യോ! പുലിയാശാൻ വരുന്നേ!


എല്ലാവരും എന്നെ കണ്ട് പേടിച്ചോടുക യാണ്. അൽപനേ രം കൂടി മുകളിലിരി ക്കാം.
അപ്പൻ ബോധം തെളിഞ്ഞിട്ട് താ ഴെയിറങ്ങാം!
വാലപ്പൻ വെള്ളവുമായി തിരിച്ചെത്തിയപ്പോൾ,
ങുർ...
ങുർ...
ങേ! അണ്ണൻ ക്ഷീ ണിച്ച് ഉറങ്ങിയെ ന്നു തോന്നുന്നു.
അണ്ണേ, എണീറ്റോ ളൂ. വെള്ളം എത്തി ക്കഴിഞ്ഞു!
അണ്ണൻ ക്ഷീണിച്ചു വല്ലേ?


ക്ഷീണിച്ചതല്ല മച്ചൂ, സ്വപ്നത്തിൽ പുലിയാശാനെ കണ്ടു പേടിച്ചതാ!
സ്വപ്നത്തിലല്ല സാറേ... നേരിട്ടുതന്നെയാ.
വൈകാതെ,
ക്ഷമിക്കണം, സാറന്മാരേ.
മൃഗശാലയിലേക്കു തന്നെ കയറാമേ.
വനപാലകർ സ്ഥലത്ത്,
അപ്പന്മാരെ സമ്മതിക്കണം. പുലിയാശാനെ വെറും കൈയോടെ മെരുക്കിയെടുത്തല്ലോ.
അണ്ണേ, ഒരു ബക്കറ്റ് വെള്ളമാ കുടിച്ചു തീർത്തത്!

# മുറിപ്പാടുകൾ

അബൂറയ്യാൻ

ഗ്രാമത്തിലെ കൃഷിയിടത്തിലുള്ള ഒരു വീട്ടിലാണ് ബാബുമോനും കുടുംബവും താമസിച്ചിരുന്നത്. അവൻ വലിയ ദേഷ്യക്കാരനായിരുന്നു. അതു കാരണം പലപ്രശ്നങ്ങളുമുണ്ടായി. ഒരിക്കൽ ഒരു സഞ്ചിയിൽ അല്പം ആണികൾ നൽകി ഉപ്പ അവനോട് പറഞ്ഞു: 'ഇന്നുമുതൽ ദേഷ്യം വരുമ്പോഴൊക്കെ ഓരോ ആണിയെടുത്ത് നമ്മുടെ കൃഷിയിടത്തിലെ വേലിയിൽ തറയ്ക്കുക. ഒറ്റ ആണിയും തറയ്ക്കാത്ത ദിവസം വരുമ്പോൾ എന്നെ അറിയിക്കുക.' ബാബുമോൻ സമ്മതിച്ചു.



ആദ്യദിനം അവന് ഒരുപാട് തവണ ദേഷ്യം വന്നു. വൈകുന്നേരമായപ്പോഴേക്കും 35 ആണികൾ അവൻ വേലിയിൽ തറച്ചു. പിന്നെയുള്ള ഓരോ ദിവസവും വേലിയിൽ തറയ്ക്കുന്ന ആണികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. വേലിയിൽ ആണി തറയ്ക്കുന്നതിനെക്കാൾ എളുപ്പം ദേഷ്യം നിയന്ത്രിക്കുന്നതാണെന്ന് അവനു തോന്നി. അങ്ങനെ ഒടുവിൽ വേലിയിൽ ആണി തറയ്ക്കാത്ത ഒരു ദിവസം വന്നു. അന്നവൻ ഒരിക്കലും ദേഷ്യപ്പെട്ടില്ല.

അവൻ ഉപ്പയോട് പറഞ്ഞു: 'ഉപ്പാ, ഇന്ന് ഞാൻ വേലിയിൽ ഒറ്റ ആണി പോലും തറയ്ച്ചില്ല.'

'വെരി ഗുഡ്!' ഉപ്പ അവനെ അഭിനന്ദിച്ചു. ശേഷം തുടർന്നു: 'ഇന്നു മുതൽ നീ ദേഷ്യപ്പെടാതിരിക്കുന്ന ഓരോ ദിവസവും ഓരോ ആണി വീതം പറിച്ചെടുക്കണം.'

'ശരി ഉപ്പാ.' അവൻ സമ്മതിച്ചു.



ഏതാനും ദിനങ്ങൾ കഴിഞ്ഞുപോയി. എല്ലാ ആണികളും പറിച്ചെടുത്തു കഴിഞ്ഞപ്പോൾ അവൻ ഉപ്പയോട് പറഞ്ഞു: 'ഉപ്പാ, വേലിയിൽ തറയ്ച്ചിരുന്ന എല്ലാ ആണികളും ഞാൻ ഊരിയെടുത്തു.'

'വെരി ഗുഡ്!' ഉപ്പ അവനെ അഭിനന്ദിച്ചു. ശേഷം അവന്റെ കൈപിടിച്ച് വേലിയുടെ അടുത്തേക്ക് നടന്നു. വേലിയിൽ ആണി തറച്ച പാടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഉപ്പ പറഞ്ഞു: 'മോനേ, നോക്കൂ. ഇപ്പോഴും ആണി തറച്ച പാടുകൾ വേലിയിൽ ബാക്കിയുണ്ടല്ലോ. ഇതുപോലെയാണ് ദേഷ്യം വരുമ്പോൾ നാം പറയുന്ന വാക്കുകൾ. അവ മറ്റുള്ളവരുടെ മനസ്സിൽ മുറിവുകളുണ്ടാക്കും. നാം സോറി പറഞ്ഞാലും മാപ്പു ചോദിച്ചാലും ആ വാക്കുണ്ടാക്കിയ മുറിപ്പാടുകൾ മായാതെ കിടക്കും.' അപ്പോഴാണവന് ദേഷ്യം പിടിച്ചാലുണ്ടാകുന്ന അപകടം ബോധ്യപ്പെട്ടത്. അവൻ സങ്കടത്തോടെ പറഞ്ഞു:

'ശരി ഉപ്പാ, ഇനി മുതൽ ഞാൻ ഒരിക്കലും ദേഷ്യപ്പെടില്ല.'


## വഴി കാണിക്കാമോ?

കുഞ്ഞുപ്പുഴുവിന്
വിശന്നിട്ടു വയ്യ.
ഇലയുടെ അടു
ത്തെത്താൻ വഴിയും
അറിയില്ല. കൂട്ടുകാർ
സഹായിക്കില്ലേ?




## എണ്ണമെഴുതാം

കുത്തുകൾ യോജിപ്പിച്ച് ഒളിഞ്ഞിരിക്കുന്നയാളെ കണ്ടെത്തൂ.
നിറം നൽകി ഭംഗിയാക്കുകയും വേണം.



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ഇടതുവശത്തെ ചിത്രം നോക്കി വലതുവശത്തെ ചിത്രത്തിനു നിറം നൽകൂ.






# പദപ്രശ്നം 3

| | | | | | |
|---|---|---|---|---|---|
| 1 | 8 | 11 | 2 ക്കു | | 10 |
| | | | | 7 | 6 |
| | | 3 | | | |
| 9 കാ | | 4 | | | |
| 5 | | | | റ്റം | |

**വലത്തോട്ട്**

1. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനം? (5)
3. കർഷകന്റെ കലപ്പ എന്നറിയപ്പെടുന്ന ജീവി? (3)
4. ‘മഞ്ഞിന്റെ വീട്’ എന്നാണ് ഈ പർവ്വതനിര യുടെ പേരിനർത്ഥം? (4)
5. വാലില്ലാത്തമ്മക്ക് വാലുള്ള മക്കൾ? (3)
9. ............ വിറ്റും ഓണം ഉണ്ണണം. (2)



ചിത്രം 1

**താഴോട്ട്**

1. കേരളത്തിൽ ഏറ്റവും കൂടുതൽ ജലവൈദ്യുത പദ്ധതികളുള്ള ജില്ല? (3)
2. ചിത്രം 1 (5)
3. സ്ത്രീ എന്നതിന് ആദരസൂചകമായ ഒരു പര്യായപദം? (3)
6. മുൻകാലങ്ങളിൽ ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനു

പയോഗിച്ചിരുന്ന സംഭരണി? (3)

7. മുഹമ്മദലി ശിഹാബ് ഐഎഎസിന്റെ പ്രസിദ്ധമായ പുസ്തകം? (4)

8. 'യുദ്ധക്കളം' എന്നർത്ഥം? (4)

10. ഈയിടെ കേരളത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ട വൈറസ്? (2)

11. ഒരു രാജ്യത്ത് നിശ്ചിത കാലയളവിലേക്ക് പ്രവേശിക്കാനും അവിടെ താമസിക്കാനുള്ള അനുമതി? (2)

**പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യു ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.**

**അവസാന തീയതി: 2026 ജനുവരി 10**

TQRCG

## പദപ്രശ്നം 2 വിജയികൾ

1. മുഹമ്മദ് ഇസ്മാഈൽ കെ, ക്ലാസ് 6, രിഫാഇയ്യ മദ്റസ, അടക്കാത്തോട്

2. മുഹമ്മദ് മിദ്‌ലാജ് സിവി, ക്ലാസ് 8, സുനനുൽഹുദാ മദ്റസ, ഓമശ്ശേരി

3. മുഹമ്മദ് യാസീൻ, ക്ലാസ് 4, ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വളപട്ടണം

4. ഫാത്തിമ സഫ, ക്ലാസ് 8, സിറാജുൽഹിദായ മദ്റസ, കുരുടിമുക്ക്

5. ആഇശ ഫർഹ, ക്ലാസ് 3, സിറാജുൽഇസ്‌ലാം മദ്റസ, അട്ടഗോളി

6. ഹന ഫാത്തിമ ഇ കെ, ക്ലാസ് 6, നൂറുൽഹുദാ മദ്റസ, പൈമ്പലശ്ശേരി

7. നഫീസതുൽ മിസ്‌രിയ എൻ, ക്ലാസ് 6, നൂറുൽ ഇസ്‌ലാം മദ്റസ, കരുവാറ്റ

8. സൽവ ഹിസാന, ക്ലാസ് 6, ബദ്‌രിയ്യ സുന്നി മദ്റസ, തരിസ്സിപ്പാടം

9. ഫാത്തിമ ശംല എൻ, ക്ലാസ് 10, ബിശാറത്തുൽഇസ്‌ലാം സുന്നി മദ്റസ, കുന്നത്തേരി

10. നാസിഹ് അമീൻ, ക്ലാസ് 4, സി എം മദ്റസ, ഇടവഴിക്കടവ്

### പദപ്രശ്നം 2 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 കോ | 2 സി | 3 ലോ | ൺ | 7 ഇ | 5 വാ |
| ഴി | 4 ക | ർ | ണാ | ട | 6 ക |
| ക്കോ | ണ | ഡ് | 8 യ | വം | വ |
| ട് | വ | സ് | 11 ക | ല്ലാ | യി |
| 10 ചേ | 9 ര | വി | ശാ | സ് | ത്രി |

# English Corner

## Story Line

# The Little Sparrow and the Young Man



There was a wise old man in a village. Once, a young man decided to test the old man's intelligence. He decided to hide a little sparrow in his hand and ask the old man to guess what was in it.

The young man had a plan to make the old man look foolish. If the old man answered correctly, the young man would then ask whether the bird was alive or dead. If the old man said the sparrow was alive, the young man could kill it by crushing it. If he said that it was dead, he could set it free. This way, he thought he could always contradict the old man and make him feel insignificant.

The young man caught a sparrow and went to see the old man. He asked what was in his hands. When the old man saw the feathers on his clothes, he realized there was a bird in his hands.When the old man answered, the young man asked: "Is the bird alive or not?"

The old man replied with a smile: "It depends on your actions!"

Hearing this, the young man lowered his head and returned, defeated.



# കുഞ്ഞിക്കിളിയും ചെറുപ്പക്കാരനും

ഗ്രാമത്തിൽ ജ്ഞാനിയായ ഒരു വൃദ്ധനുണ്ടായിരുന്നു. ഒരു ചെറുപ്പക്കാരൻ വൃദ്ധന്റെ ബുദ്ധിശക്തി പരീക്ഷിക്കാൻ തീരുമാനിച്ചു. ഒരു കുഞ്ഞിക്കിളിയെ കൈക്കുമ്പിളിൽ ഒളിപ്പിച്ചുവെച്ച് ആ വൃദ്ധനോട് തന്റെ കൈക്കുമ്പിളിൽ എന്താണെന്ന് ഊഹിക്കാൻ പറയാനാവശ്യപ്പെടാം. അയാൾ ശരിയുത്തരം പറഞ്ഞാൽ പക്ഷി ജീവിച്ചിരിപ്പുണ്ടോ ചത്തുപോയിട്ടുണ്ടോ എന്നു ചോദിക്കാം. കിളി ജീവിച്ചിരിപ്പുണ്ടെന്ന് വൃദ്ധൻ പറഞ്ഞാൽ ബലം പ്രയോഗിച്ച് അതിനെ കൊന്നുകളയാം; ചത്തുപോയിട്ടുണ്ടെന്ന് പറഞ്ഞാൽ, അതിനെ കൊല്ലാതെ സ്വതന്ത്രമാക്കി വിടാം. അങ്ങനെ വൃദ്ധനെ ഒന്നു നിസ്സാരനാക്കാം.

ചെറുപ്പക്കാരൻ ഒരു കുരുവിയെ പിടികൂടി വൃദ്ധനെ കാണാൻ പോയി. തന്റെ കൈക്കുമ്പിളിൽ എന്താണെന്നു ചോദിച്ചു. അവന്റെ വസ്ത്രത്തിലുള്ള തൂവലുകൾ കണ്ടപ്പോൾ കൈകൾക്കുള്ളിൽ ഒരു പക്ഷിയാണെന്ന് വൃദ്ധന് മനസ്സിലായി. അതു പറഞ്ഞപ്പോൾ പക്ഷിക്ക് ജീവനുണ്ടോ ഇല്ലയോ എന്നായി ചോദ്യം. വൃദ്ധൻ പുഞ്ചിരിയോടെ മറുപടി നൽകി: 'അത് നിന്റെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു!' യുക്തിഭദ്രമായ മറുപടി കേട്ട് ചെറുപ്പക്കാരൻ തല താഴ്ത്തി മടങ്ങി.

## 12. Future perfect continuous tense

The future perfect continuous tense is a verb tense that can be used to refer to an action that will be continuing until a certain point of time in the future.

### Structure

**Subject + Helping verbs (will + have + been) + Present participle form of the main verb + the rest of the sentence.**

### Positive

- In January, I will have been living in San Francisco for ten years.

### Negative

- In January, I will not have been living in San Francisco for ten years.

### Interrogative

- In January, will I have been living in San Francisco for ten years?

### Negative Interrogative

- In January, will I not have been living in San Francisco for ten years?

## USES OF FUTURE PERFECT CONTINUES TENSE

- **Denoting an action that will continue till a certain point of time**

  *1. Remya will have been working at the company for twelve years in 2027.*

  *2. Will they have been living in the United States for three years when they finish their postgraduate studies?*

- **Depicting an action or event that is the cause of another action or event that will happen in the future**


  *1. I think my sister will be exhausted when she gets here as she will have been working out for two hours continuously.*

  *2. I will be tired by the time my cousins get home because I will have been studying for many hours.*


### Poem


## Days in a week

Days in a week shine bright,
Vibrant as a rainbow sight.
Sunday's quiet start, soft and slow,
Monday's smile, a fresh glow.
Tuesday's joy, a warm embrace,
Wednesday's hustle, a busy pace.
Thursday's calm, a soothing shade,
Friday's light, a radiant parade.
Saturday's delight, a joyful sight,
Thus the days, one by one they flow
Like threads, a week is done.




**Salam Thirumala**


Master Imitable
A sunday morning,
Mother, where did Rizwan go?
He is sleeping.
This time? Did he not perform Fajr Namaz?
Yes, he has. He slept after Namaz.
Do you mind if I call him?
Hey, no. Please wait. I shall do it.
After a while,
Assalamu alaikum, Rizwan.
Valaikum ussalam.
Are you so tired?


Nothing Adil. I couldn't sleep well last night. I did late to sleep.
Why are you so late to sleep?
I was gaming and watching reels in my phone.
Oh! It's really dangerous.
I know... But...
I used to say him.
Rizwan, it will badly affect your life.
Are you ready to keep the screens a way after Magrib?
Sure Adil, today onwards. In sha Allah.

# WORD PUZZLE

Read the story
'The Little Sparrow and the Young Man'
and find out 10 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| S | P | A | R | R | O | W |
| | M | L | | | L | I |
| D | R | I | B | | D | S |
| E | A | V | L | | M | E |
| E | | E | D | E | A | D |
| R | | | H | | N | |
| F | O | O | L | I | S | H |

## Name me



P



P



P

ANS: Peacock, Penguin, Parrot

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 3 | | | 5 | | | | 8 |
| 9 | | | | | 6 | 7 | | 5 |
| | | | 9 | | 7 | | 1 | 6 |
| | | | | 6 | | 8 | | 4 |
| 5 | 2 | 3 | | | | 1 | | |
| | | | 1 | 7 | 5 | 9 | | |
| | 5 | 1 | | | | 6 | 2 | |
| | | 2 | | 3 | 9 | | 7 | |
| | | 6 | 5 | | 2 | | | |

## Sudoku

ANSWER
2025 November Issue

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 9 | 6 | 4 | 5 | 1 | 3 | 8 | 7 |
| 4 | 7 | 5 | 9 | 8 | 3 | 1 | 2 | 6 |
| 8 | 1 | 3 | 7 | 6 | 2 | 4 | 9 | 5 |
| 1 | 8 | 4 | 3 | 9 | 5 | 7 | 6 | 2 |
| 9 | 3 | 2 | 1 | 7 | 6 | 5 | 4 | 8 |
| 6 | 5 | 7 | 2 | 4 | 8 | 9 | 3 | 1 |
| 7 | 2 | 9 | 6 | 1 | 4 | 8 | 5 | 3 |
| 5 | 6 | 1 | 8 | 3 | 9 | 2 | 7 | 4 |
| 3 | 4 | 8 | 5 | 2 | 7 | 6 | 1 | 9 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**